# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാലാ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ-കെടിഎം-പി17/282/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

നമ്പർ: കെഎസ്എ-കെടിഎം-പി17/282/2023 തീയ്യതി: 28/03/2023

## കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 39 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷൈജ എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 20-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-02-2023 | 20-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി ജി, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
എമിൽ ടി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ.)
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ആന്റോ ജോസ് പടിഞ്ഞാറേക്കര | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് ഹുവൈസ് എം | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ. ജൂഹി മരിയാ ടോം | സെക്രട്ടറി | 02-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കമറുദ്ദീൻ എൻ ഐ | കൃഷി ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ബീന നാരായണൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 07-07-2021 |
| ദിലീപ്കുമാർ പി റ്റി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 08-07-2021 | 17-10-2021 |
| സിയാദ് എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 18-10-2021 | 31-03-2022 |
| സാം മാത്യൂ സാബു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സബീനാ ബീവി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 30-11-2021 |
| ഷെറിൻസ് ജോർജ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-12-2021 | 10-01-2022 |
| മെറീന തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 11-01-2022 | 31-03-2022 |
| ഡോ. ഷമ്മി രാജൻ | സൂപ്രണ്ട്, ജനറൽ ആശുപത്രി, പാലാ | 01-04-2021 | 31-03-2022 |
| എം കെ മുകുന്ദൻ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-05-2021 |
| സതീഷ് കുമാർ ജി | ഹെൽത്ത് സൂപ്പർവൈസർ | 01-06-2021 | 31-03-2022 |
| ഡോ. ശ്രീലത എസ് | ചീഫ് മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. വി എം ശശിധരൻ | ചീഫ് മെഡിക്കൽ | 01-04-2021 | 13-07-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ,ഹോമിയോ | | |
| ഡോ. സാജൻ ചെറിയാൻ | ചീഫ് മെഡിക്കൽ ഓഫീസർ ,ഹോമിയോ | 14-07-2021 | 31-03-2022 |
| ഡോ. സുജ വി | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 25-07-2021 |
| ഡോ. സാജൻമോൻ കെ ആന്റണി | സീനിയർ വെറ്ററിനറി സർജൻ | 26-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം | 1-5 |
| 6 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് - കൃത്യത ഉറപ്പാക്കാനായിട്ടില്ല | 1-11 |
| 12 | ലൈബ്രറിസെസ് ഒടുക്കുന്നില്ല- ഭീമമായ തുക കുടിശ്ശിക | 1-12 |
| 13 | തിരിച്ചടയ്ക്കാനുള്ള ലോൺ - വിശദാംശങ്ങൾ ലഭ്യമല്ല | 1-13 |
| 14 | വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ളത് കോടികൾ | 1-14 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - 1021551/- രൂപ കുടിശ്ശിക | 1-15 |
| 16 | ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചില്ല | 1-16 |
| 17 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചു | 1-17 |
| 18 | ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി- വസ്തുനികുതി നിർണ്ണയത്തിന് കാനോപ്പി ഏരിയ ഉൾപ്പെടുത്തിയും ഒഴിവാക്കിയുമുള്ള രീതി പിൻതുടരുന്നത് മൂലം വരുമാന നഷ്ടം | 1-18 |
| 19 | വസ്തുനികുതി ഒഴിവാക്കിയ ഗണത്തിൽ ഉൾപ്പെടുത്തിയ കെട്ടിടം സംബന്ധിച്ച് വ്യക്തത വരുത്തിയില്ല | 1-19 |
| 20 | ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല . | 1-20 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-21 |
| 22 | ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-22 |
| 23 | കംഫർട്ട് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം | 1-23 |
| 24 | വാടക – ഭീമമായ കുടിശ്ശിക. | 1-24 |
| 25 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്നു - വരുമാന നഷ്ടം | 1-25 |
| 26 | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പുനർലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല . | 1-26 |

| | | |
|---|---|---|
| 27 | പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ | 1-27 |
| 28 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-28 |
| 29 | സേവന ഉപനികുതി പിരിവ് പുന:സ്ഥാപിച്ചിട്ടില്ല | 1-29 |
| 30 | ഈടാക്കുന്ന വിനോദനികുതി നിരക്കിൽ വ്യക്തതയില്ല. | 1-30 |
| 31 | വിട്ടുകിട്ടിയ സ്ഥാപനത്തിന്റെ വസ്തു നികുതി അടവാക്കുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമവിരുദ്ധം | 1-31 |
| 32 | പെൻഷൻ കോൺട്രിബ്യൂഷൻ -അടവാക്കുന്നില്ല. | 1-32 |
| 33 | നഗരസഭയുടെ സാമ്പത്തിക ബാദ്ധ്യതകൾ. | 1-33 |
| 34 | ഹരിതകർമ്മസേന-പ്രവർത്തനം കാര്യക്ഷമമല്ല | 1-34 |
| 35 | മഴക്കാല പൂർവ്വ ശുചീകരണം -സംയോജന സാധ്യതകൾ പരിശോധിച്ചില്ല -ചെലവ് രേഖകൾ മുഴുവൻ ലഭ്യമായില്ല. | 1-35 |
| 36 | പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - 3,36,025/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു | 1-36 |
| 37 | പാലാ ജനറൽ ആശുപത്രിയിൽ റിവേഴ്സ് ഓസ്മോസ്സിസ് പ്ലാന്റ് സ്ഥാപിക്കൽ - ധനവിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-37 |
| 38 | ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം | 1-38 |
| 39 | കുറ്റിക്കുരുമുളക് തൈ വിതരണം - കൈപ്പറ്റ് വിവരം ലഭ്യമല്ല | 1-39 |
| 40 | ഗവ.ആയുർവേദ ഹോസ്പിറ്റൽ മെയിന്റനൻസ് - നെഗോസിയേഷൻ പരിഗണിക്കാതെ കരാറുകാരന് അധിക തുക നൽകി | 1-40 |
| 41 | നഗര ഉപജീവനകേന്ദ്രം-പ്രവർത്തന സജ്ജമായിട്ടില്ല. | 1-41 |
| 42 | വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ/തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-42 |
| 43 | ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-43 |
| 44 | മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിട നിർമ്മാണം - വൻതുക വായ്പാ ബാദ്ധ്യത-കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറുന്നു. | 1-44 |
| 45 | ശബരിമല ഗ്രാന്റ്-പൂർണ്ണമായി വിനിയോഗിക്കുന്നില്ല. | 1-45 |
| 46 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-46 |
| 47 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭ്യമായില്ല | 1-47 |
| 48 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അപാകതകൾ | 1-48 |
| 49 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ. | 1-49 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ്, പാലാ നഗരസഭാ കൗൺസിലിന്റെ 06/02/2021 ലെ 1(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19/03/2022 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക (R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 19780599 | 13116500 | 38741530.53 |
| വരവ് | 254636076 | 274337516 | 209302273 |
| ആകെ | 274416675 | 287454016 | 248043803.53 |
| ചെലവ് | 251664530 | 280966416 | 210648946 |
| നീക്കിയിരിപ്പ് | 22752145 | 6487600 | 37394857.53 |

ബജറ്റ് പ്രകാരം 27.44 കോടി രൂപയുടെ പ്രതീക്ഷിത വരവും 25.16 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 17.74 കോടി രൂപയും ചെലവ് 18.25 കോടി രൂപയുമാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

പാലാ നഗരസഭയുടെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 177465648 രൂപയും ചെലവ് 182557041 രൂപയും തൻവർഷ പ്രവർത്തന നഷ്ടം 5091393 രൂപയുമാണ്. 31/03/2022-ലെ നഗരസഭയുടെ ആസ്തിമൂല്യം 497082650.80 രൂപയും ബാധ്യതകളുടെ മൂല്യം 250184321.27 രൂപയും ജനറൽ ഫണ്ട് 246898329.53 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. സ.ഉ.(എം.എസ്)152/2011/തസ്വഭവ/26.07.2011ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. നഗരസഭ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2. നഗരസഭയുടെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2021-ലെ ജനറൽ ഫണ്ട് കൃത്യമല്ല.

3. നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശം (ഒടുക്കിയ വ്യക്തി/സ്ഥാപനം, പ്രോജക്റ്റ്/പ്രവൃത്തി, നിക്ഷേപ കാലയളവ്, രസീത് നം.) വ്യക്തമാക്കുന്ന രജിസ്റ്റർ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ വാടക നിക്ഷേപം റീഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല .

4. പാലാ നഗരസഭയുടെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 246434767 രൂപയും ചെലവ് 232046216 രൂപയും ആയിരുന്നു. വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച

തുക ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ (I-6, I-14) തെറ്റായി രേഖപ്പെടുത്തിയതിനാൽ മുൻ വർഷ ഇൻകം & എക്സ്പെൻഡിച്ചർ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ തൻ വർഷം ഭീമമായ കുറവ് സംഭവിച്ചു . വിശദ വിവരം ചുവടെ ചേർക്കുന്നു .

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | വാർഷിക കണക്ക് പ്രകാരം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1467200 | 19200 |
| വിധവാപെൻഷൻ | 7754400 | 326400 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 694000 | 115200 |
| വികലാംഗപെൻഷൻ | 2313200 | 57600 |
| വാർദ്ധക്യകാലപെൻഷൻ | 23023900 | 2860800 |
| വിവാഹ ധനസഹായം | 30000 | 30000 |
| ആകെ | 35282700 | 3409200 |

5. തൻവർഷം പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി B11 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

6.അക്രൂവൽ വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

7.അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

8.രേഖകളുടെ അഭാവത്തിൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

9.ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ട വാറ്റ് തുകയുടെ വിശദാംശം ലഭ്യമല്ല .

10.ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം വാർഷിക കണക്കിൽ നിശ്ചിത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല . വാട്ടർ അതോറിറ്റി , ഗ്രൗണ്ട് വാട്ടർ എന്നിവയിൽ നിക്ഷേപിച്ച രൂപയുടെ ( 1 ലക്ഷം വീതം ) വിവരമാണ് ഉൾപ്പെടുത്താത്തത് . മുൻ വർഷങ്ങളിലെ ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരവും വാർഷിക കണക്കിൽ ചേർത്തിട്ടില്ല .

11.ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ട്രഷറി വഴിയുള്ള അലോട്ട്മെന്റ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല .

12.31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം വാടക നിക്ഷേപം (Rent Deposit) ഇനത്തിൽ നഗരസഭ ഫണ്ടിൽ അവശേഷിക്കുന്നത് 6.22 കോടി രൂപയാണ്. ഏതെല്ലാം കുത്തകക്കാരാണ് പ്രസ്തുത തുക ഒടുക്കിയിട്ടുള്ളത് എന്നത് വാടക രജിസ്റ്ററിൽ നിന്ന് വ്യക്തമല്ല.

13.സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

14.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

15. സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല (ഖണ്ഡിക 4-6ൽ വിശദവിവരം ചേർത്തിട്ടുണ്ട്).

16.ബി-6 ഷെഡ്യൂളിലെ അൺസെക്യൂർഡ് ലോൺ ഇനത്തിലുള്ള 3,83,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

17.ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വാർഷികകണക്കിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

18.അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രകാരമുള്ള പ്രയർ പീരിയഡ് ക്രമീകരണങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

19. B-5 ഷെഡ്യൂൾ പ്രകാരം 31511280 രൂപ KURDFC വായ്പ ഇനത്തിൽ തിരിച്ചടക്കാൻ ഉള്ളതായി സൂചിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

20.B-5 ഷെഡ്യൂൾ Secured Loans , B-16 ഷെഡ്യൂൾ Prepaid Expenses എന്നിവ തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചില്ല .

അപാകതകൾ പരിഹരിച്ച് വാർഷികകണക്കുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38741530.53 |
| ഓഡിറ്റ് വർഷത്തെ വരവ് | 209302273.00 |
| ആകെ | 248043803.53 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 210648946.00 |
| നീക്കിയിരിപ്പ് | 37394857.53 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 36,57,755 |

## 1-4 ഗ്രാന്റ് വിനിയോഗം

നഗരസഭയുടെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16647810 | 16647810 | 16570000 | 77810 | 99 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2427588 | 2427588 | 2194158 | 233430 | 90 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 25700 | 25700 | 0 | 25700 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 33406825 | 33406825 | 28712018 | 4694807 | 85 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 12464179 | 12464179 | 10329938 | 2134241 | 82 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 7771254 | 7771254 | 5328398 | 2442856 | 68 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 20082905 | 20082905 | 7117521 | 12965384 | 35 |
| AUEGS (ക്യാഷ് ബുക്ക് പ്രകാരമുള്ളത്) | 2878809 | 5107966 | 7986775 | 6762637 | 1224138 | |

| | | | | | | |
|---|---|---|---|---|---|---|
| PMAY | 5072481 | 7145438 | 12217919 | 9203475 | 3014444 | |
| ICDS കേന്ദ്രാവിഷ്കൃത ഫണ്ട് (എ.സി.ആർ പ്രകാരമുള്ളത്) | 922803 | 103294 | 1026097 | 0 | 1026097 | |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് വായ്പാ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ യഥാക്രമം 960000/- രൂപ 1095000/- രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് മുനിസിപ്പാലിറ്റിയ്ക്ക് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല.

31/03/2021 ലെ സ.ഉ.(സാധാ) നം. 2617/2022/ധന. ഉത്തരവ് പ്രകാരം വികസനഫണ്ട് ജനറൽ ഇനത്തിൽ 77810 രൂപ അലോട്ട്മെന്റ് ഉണ്ടായിരുന്നു (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയ്യാറാക്കിയിരിക്കുന്നത്). തുക യഥാർത്ഥത്തിൽ മുനിസിപ്പാലിറ്റിയ്ക്ക് വരവായി ലഭിക്കാത്തതിനാൽ പ്രസ്തുത തുക മുനിസിപ്പാലിറ്റിയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയത് പരിഗണിച്ചാൽ വികസനഫണ്ട് പൊതുവിഭാഗത്തിൽ 100% തുകയും മുനിസിപ്പാലിറ്റിയ്ക്ക് ചെലവഴിക്കാൻ കഴിഞ്ഞു .

2020-21 വർഷത്തെ ഓഡിറ്റിന് ശേഷം പ്രസ്തുത വർഷത്തെ ICDS കേന്ദ്രാവിഷ്കൃത ഫണ്ടിന്റെ വരവ് ചെലവുകളിൽ തിരുത്തൽ വരുത്തിയതിനാൽ 2020-21 വർഷത്തെ എ.സി.ആർ പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും തമ്മിൽ വ്യത്യാസം ഉണ്ട്. ആയതിനാൽ എ.സി.ആർ പ്രകാരമുള്ള മുൻബാക്കിയാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത് .

വികസന ഫണ്ട്, കേന്ദ്ര-സംസ്ഥാന വിഹിതം എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ, വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2ൽ ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

2021-22 വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 30-01-2021 ലും പദ്ധതിരൂപീകരണ ഗ്രാമസഭകൾ 25-01-2021 മുതൽ 05-02-2021 വരെയും നടക്കുകയുണ്ടായി. വിവിധ തലങ്ങളിലെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് 16-02-2021 ലെ വികസനസെമിനാറിൽ വാർഷികപദ്ധതിക്ക് അന്തിമരൂപം നല്കി. 09-03-2022ലെ നഗരസഭാ കൗൺസിൽ അന്തിമ അംഗീകാരം നല്കിയ വാർഷിക പദ്ധതി 10-03-2022 തീയതിയിലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചു.

വാർഷികപദ്ധതിയുടെ വിവരം.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 245 | 195 | 100601867 | 71200037 | 70.77 |

അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത വാർഷികപദ്ധതി വിശദാംശങ്ങൾ സുലേഖ സോഫ്റ്റ്‌വെയറിൽനിന്നുള്ള ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയത് | പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 471000 | 471000 |
| 2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 400000 | 400000 |
| 3 | കൃഷി ഫീൽഡ് ഓഫീസർ | 1 | 1 | 530000 | 530000 |
| 4 | സെക്രട്ടറി | 14 | 14 | 11621294 | 11593879 |
| 5 | വെറ്ററിനറി സർജൻ | 3 | 3 | 1116000 | 666000 |
| 6 | ഹെൽത്ത് ഓഫീസർ | 9 | 8 | 7298275 | 4619168 |
| 7 | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആശുപത്രി | 8 | 8 | 4515191 | 4455083 |
| 8 | മുനിസിപ്പൽ എൻജിനീയർ | 10 | 10 | 11040706 | 6651066 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2 | 3645779 | 3617746 |
| 10 | അസിസ്റ്റന്റ് എൻജിനീയർ | 196 | 147 | 59963622 | 38196095 |
| | | 245 | 195 | 100601867 | 71200037 |

അംഗീകാരം ലഭിച്ച 245 പ്രോജക്ടുകളിൽ 195 എണ്ണം നടപ്പാക്കിയിട്ടുണ്ട്. ആകെ അംഗീകാരം ലഭിച്ചവയിൽ 73 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്. ഇവയിൽ 42 എണ്ണം നടപ്പാക്കി. സ്പിൽ ഓവർ പ്രോജക്ടുകളായി അംഗീകാരം വാങ്ങിയതിൽ 31 എണ്ണവും നടപ്പാക്കാതിരുന്നതിൽ നിന്ന് ശരിയായ ആസൂത്രണത്തിന്റെയും ആവശ്യകതയുടെയും അഭാവം പദ്ധതി രൂപീകരണ നിർവഹണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാവുന്നു. അംഗീകാരം നേടുന്ന പ്രോജക്ടുകൾ എല്ലാം നടപ്പിലാക്കാതെ വരുന്നത് ലഭ്യമായ ഫണ്ടുകൾ ലാപ്സാവുന്നതിനും ജനകീയാവശ്യങ്ങൾ സാധ്യമാകാത്ത അവസ്ഥയ്ക്കും കാരണമാകുന്നു.

അസിസ്റ്റന്റ് എൻജിനീയർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നാമമാത്ര പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമാക്കി കുറ്റിക്കുരുമുളക് തൈ വിതരണം മാത്രമാണ് കൃഷി ഫീൽഡ് ഓഫീസർ നടപ്പിലാക്കിയത്. വെറ്ററിനറി സർജൻ നടപ്പാക്കിയ പ്രധാന പ്രോജക്ട് കോഴിവളർത്തൽ പദ്ധതിയാണ്. കാർഷിക മൃഗസംരക്ഷണ മേഖലകളിൽ മറ്റ് പ്രോജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ലയെന്നതിൽ നിന്ന് പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ കാര്യക്ഷമതയില്ലായ്മയാണ് വെളിപ്പെടുത്തുന്നത്.

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകൾക്കായുള്ള ആകെ ചെലവ് 11593879 രൂപയിൽ 6997815/- രൂപയും കോവിഡ് പ്രതിരോധച്ചെലവുകളും 2055000/- രൂപ ജി.ഒ പ്രോജക്ടുകളായി ക്രമീകരിച്ചതുമാണ്. ഐ.കെ.എം, സാമൂഹ്യ സുരക്ഷാമിഷൻ, സമഗ്രശിക്ഷാകേരളം എന്നിവയ്ക്കു വിഹിതം നല്കൽ കൂടി ഒഴിവാക്കിയാൽ പട്ടികജാതി വിഭാഗം പഠിതാക്കൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്, ലാപ്ടോപ്പ് വിതരണം എന്നീ പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ഹെൽത്ത് ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിൽ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എക്കോ

ഗ്രീൻ കേരള എന്ന കമ്പനിക്ക് തുക നല്കിയത് പ്രധാന ഇനമാണ്. കൂടാതെ ഭവനപുനരുദ്ധാരണം എസ്.സി.പി, യാചകപുനരധിവാസത്തിനായി മരിയസദനം എന്ന സ്ഥാപനത്തിന് തുക നല്കൽ തുടങ്ങിയ പ്രോജക്ടുകളും ഉൾപ്പെടുന്നു.

പാലാ ജനറൽ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സാസൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ആർ.ഒ( റിവേഴ്സ് ഓസ്മോസിസ്) പ്ലാന്റ് സ്ഥാപനം എന്ന പ്രോജക്ട് മെഡിക്കൽ ഓഫീസർ നടപ്പിലാക്കുകയുണ്ടായി. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖാന്തിരം നിർമ്മിച്ച പ്ലാന്റ് നന്നായി പ്രവർത്തിക്കുന്നതായാണ് കാണപ്പെട്ടത്. പാലിയേറ്റീവ് പരിചരണ പദ്ധതിയും മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്.

മുനിസിപ്പൽ എൻജിനീയർ നടപ്പിലാക്കിയ പ്രധാന പ്രോജക്ടാണ് ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം. നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായെങ്കിലും ത്രീഫേസ് ഇലക്ട്രിക് കണക്ഷൻ പൂർത്തീകരിക്കാത്തതിനാൽ ക്രിമറ്റോറിയം ഉപയോഗക്ഷമമായിട്ടില്ല. ഇലക്ട്രിക് കണക്ഷൻ അടിയന്തിരമായി ലഭ്യമാക്കി ക്രിമറ്റോറിയം പ്രവർത്തനക്ഷമമാക്കേണ്ടതാണ്. മൂന്നാനി ലോയേഴ്സ് ചേംബർ പൂർത്തീകരണത്തിനായി പ്രോജക്ട് നടപ്പാക്കിയെങ്കിലും നിലവിലും അടഞ്ഞുകിടക്കുകയാണ്. കോടിക്കണക്കിന് രൂപ ചെലവഴിച്ച കെട്ടിടം പ്രയോജനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുടിവെള്ള, ജലസേചന പദ്ധതികളുടെ പൂർത്തീകരണ,വിപുലീകരണപ്രവൃത്തികൾ, നഗരസഭാ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, റോഡുകൾ, ടോയ്‌ലെറ്റുകൾ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ എന്നിങ്ങനെ പ്രയോജനകരമായ പ്രോജക്ടുകൾ അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയവയിൽപ്പെടുന്നു.

നടപ്പിലാക്കിയ പ്രോജക്ടുകൾ എല്ലാം തന്നെ ജനജീവിതത്തെ സഹായിക്കുന്നതിനും, നഗരസഭയുടെ പുരോഗതി ലക്ഷ്യമാക്കിയുമാണ്. എന്നിരിക്കിലും പലതും പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിന് ഇനിയും നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു.
പ്രോജക്ടുകൾ നടപ്പാക്കുന്നതിലെ വീഴ്ചമൂലം വികസനഫണ്ട് (എസ്.സി.പി)233430, മെയിന്റനൻസ് ഗ്രാന്റ് റോഡ് 4694807, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം 2134241 രൂപ വീതം ലാപ്സാവുകയുണ്ടായി .

വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ എല്ലാംതന്നെ പൂർത്തീകരിക്കുന്നതിനും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനും നഗരസഭാ കൗൺസിലിന്റെയും, ഉദ്യോഗസ്ഥരുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആവശ്യമാണ്.

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 284 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 146 പദ്ധതികളിൽ 146 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 29027 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 260 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. നീർച്ചാൽ തെളിക്കൽ, മഴക്കാലപൂർവ്വ ശുചീകരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വർഷത്തെ ക്യാഷ്ബുക്ക് പ്രകാരം വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2878809 |
| വരവ് | 2021-22 വർഷത്തെ അലോട്ട്മെന്റ് | 5000000 | 5107966 |
| | ബാങ്ക് പലിശ | 107966 | |
| ആകെ (മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 7986775 |
| ചെലവ് | വേതനം | 6051128 | 6762637 |
| | സാധന ഘടകം | 8000 | |
| | ശമ്പളം(ഭരണച്ചെലവ്) | 703509 | |
| നീക്കിയിരിപ്പ് | | | 1224138 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2021-22 വർഷം പാലാ നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1467200 | 88 |
| വിധവാപെൻഷൻ | 7754400 | 501 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 694000 | 46 |
| വികലാംഗപെൻഷൻ | 2313200 | 147 |
| വാർദ്ധക്യകാലപെൻഷൻ | 23023900 | 1533 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2023 ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 74469/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

കാര്യക്ഷമമായ ജോലി വിഭജനം, പേറോൾ നിയന്ത്രണം, ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഡി.സി.ബി കൃത്യമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. പ്രത്യക ഉദ്ദേശഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയാറാക്കിയിട്ടുണ്ട്. ലോൺരജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി തയാറാക്കിയിട്ടില്ല. വസ്തുനികുതി, വാടക എന്നിവയിൽ ഭീമമായ കുടിശിക നിലനിൽക്കുന്നു. വൻസാമ്പത്തികബാധ്യതകൾ നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പോലും വിഘാതമായ രീതിയിൽ മാറിയിട്ടുണ്ട്. വാർഷികകണക്കുകളിലെ അപാകതമൂലം നഗരസഭയുടെ സാമ്പത്തികസ്ഥിതി കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല. വാർഷികപദ്ധതിയിയിൽ ഏറ്റെടുക്കുന്ന എല്ലാ പ്രോജക്ടുകളും നടപ്പാക്കാൻ സാധിക്കുന്നില്ല. ഇപ്രകാരം നഗരസഭയുടെ ആഭ്യന്തരനിയന്ത്രണം തികച്ചും ശോചനീയമായാണ് കാണപ്പെടുന്നത്. ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.10.2007 | 2006-07 | എഫ്-3517(8)/08 തീയതി 17.10.2008 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.07.18 മുതൽ 27.07.18 വരെ | 2016-17 മുതൽ 2017-18 വരെ | എൽ ബി എ (എച്ച്.ക്യൂ) II/I/8A-77/2018-19/150 തീയതി 27.08.2018 |

1-11 ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് - കൃത്യത ഉറപ്പാക്കാനായിട്ടില്ല

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പ്രകാരം 2021-22 വർഷം 26 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ ഉപയോഗത്തിലിരുന്നതായി കാണുന്നു. കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം എല്ലാ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്ക്, റീകൺസിലിയേഷൻ പത്രികകൾ എല്ലാ മാസവും തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് പാലിക്കുന്നില്ല. താഴെ കൊടുത്തിട്ടുള്ള അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നം. | ബാങ്ക് അക്കൗണ്ട് | 31.03.2022 ൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|---|
| 1 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ - 23326 | 11763.00 |
| 2 | ടിപിഎ 2 (റഗുലർ പെൻഷൻ) | 77499.00 |
| 3 | ടിപിഎ 3 (പെൻഷൻ കണ്ടിജന്റ്) | 15922.00 |
| 4 | ടിപിഎ 582 | 100.00 |
| 5 | ജില്ലാ സഹകരണ ബാങ്ക് 4030 | 7656.00 |
| 6 | ട്രഷറി - ടിപിഎ 1 (പ്രൊവിഡന്റ് ഫണ്ട്) | 263693.00 |
| 7 | ബാങ്ക് ഓഫ് ബറോഡ - 33020100001444 | 551951.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (35/16.02.2023) മേൽ അക്കൗണ്ടുകൾ നിലവിൽ പ്രവർത്തനക്ഷമമല്ലെന്നും അവയുടെ വിവരങ്ങൾ ലഭ്യമല്ലെന്നും മറുപടി ലഭ്യമാക്കി. മേൽ പരാമർശിച്ചിരിക്കുന്ന 7 അക്കൗണ്ടുകളുടേയും നിലവിലെ സ്ഥിതി സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി നിലനിർത്തേണ്ടതല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുക നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

1-12 ലൈബ്രറിസെസ് ഒടുക്കുന്നില്ല- ഭീമമായ തുക കുടിശ്ശിക

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടുഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2019-20, 2020-21, 2021-22 വർഷങ്ങളിൽ ലൈബ്രറിസെസ് ഇനത്തിൽ പിരിച്ച തുക ഒടുക്കിയിരുന്നില്ല. ധനകാര്യപത്രികയുടെ ആർ.പി.29 ഷെഡ്യൂളിൽ 2021-22 വർഷം 1254478/- രൂപ വരവുള്ളതായും ബി 9 ഷെഡ്യൂളിൽ 31.3.2022ൽ 3654745/- രൂപ നീക്കിയിരിപ്പ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ലൈബ്രറിസെസ് ഇനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൗൺസിലിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-13 തിരിച്ചടയ്ക്കാനുള്ള ലോൺ - വിശദാംശങ്ങൾ ലഭ്യമല്ല

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക 2021-22 ലെ ബാലൻസ് ഷീറ്റിലെ ബി-6 (Unsecured Loans) ഷെഡ്യൂളിൽ 331200100 Loans From State Government എന്ന ഹെഡിൽ 383000 രൂപ നിലനിൽക്കുന്നതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (44/17.02.2023) നഗരസഭയിൽ ഡബിൾ എൻട്രി ആരംഭിച്ച 2010 കാലഘട്ടം മുതൽ ടി തുക ഓപ്പണിംഗ് ബാലൻസായി ചേർത്തിട്ടുള്ളതാണെന്നും പഴയ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ തുക ദേശീയ ചേരി നിർമ്മാർജ്ജനം പദ്ധതിയുടെ തിരിച്ചടവാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലോൺ തുകയുടെ മറ്റ് വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല. തിരിച്ചടവിന്റെ യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതനുസരിച്ച് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

1-14 വസ്തുനികുതിയിനത്തിൽ പിരിച്ചെടുക്കാനുള്ളത് കോടികൾ

വസ്തുനികുതിയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100100 | കറണ്ട് | 6127560 |
| 431100200 | അരിയർ | 4797730 |
| ആകെ | | 10925290 |

വസ്തുനികുതിയിലെ കുടിശിക പൂർണ്ണമായും പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/10/02/23 ) കുടിശിക ഈടാക്കാൻ ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ളവ നടത്തുന്നുണ്ടെന്നും ഭീമമായ തുക കുടിശ്ശിക ഉണ്ടാകാൻ കാരണം, വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് കേസ് നിലവിലുള്ളത് മൂലമാണെന്ന് മറുപടി നൽകി.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് കേസിന്റെ നടപടിക്രമങ്ങൾ വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നഗരസഭയുടെ ദൈനംദിന പ്രവർത്തനത്തിന് പോലും പണം കണ്ടെത്താൻ പ്രയാസപ്പെടുമ്പോൾ വസ്തുനികുതി പോലുള്ള തനത് വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാനുള്ള സത്വരനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി - 1021551/- രൂപ കുടിശ്ശിക

മുനിസിപ്പാലിറ്റി പരിധിയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള താഴെപറയുന്ന മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കാൻ ഉള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | ടവർ സ്ഥാപിച്ച കമ്പനിയുടെ പേര് | കുടിശ്ശിക | തുക |
|---|---|---|---|---|
| 1 | 11/215/ | Idea Mobile | 2019-20 മുതൽ 2021-22 വരെ | 91350 |
| 2 | 13/279/1 | Indus Towers Ltd | 2020-21 മുതൽ 2021-22 വരെ | 26926 |
| 3 | 20/1097/2 | IDEA CELLULAR LTD | 2013-14 മുതൽ | 191367 |

| | | | | |
|---|---|---|---|---|
| | | | 2021-22 വരെ | |
| 4 | 20/1924/ | Bharati Telivenchers Ltd | 2017-18 മുതൽ 2021-22 വരെ | 126000 |
| 5 | 21/29/3 | Sanchu Joseph | 2013-14 മുതൽ 2021-22 വരെ | 430416 |
| 6 | 21/150/ | Reliance Info-com Ltd., Cochin-16 | 2020-21 മുതൽ 2021-22 വരെ | 10801 |
| 7 | 23/152/1 | ATC TELECOME INFRASTRUCTURE | 2013-14 മുതൽ 2021-22 വരെ | 76509 |
| 8 | 26/104/ | Bharathi Cellular Ltd. | 2018-19 മുതൽ 2021-22 വരെ | 68182 |
| ആകെ | | | | 1021551 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/10.02.2023) നികുതി കുടിശ്ശിക ഈടാക്കാൻ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ചില്ല

ലൈസൻസ് രജിസ്റ്റർ, സഞ്ചയ എന്നിവ താരതമ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം ലൈസൻസ് രജിസ്റ്റർ, സഞ്ചയ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നതായി കാണുന്നു. അതായത് ചുവടെ സൂചിപ്പിച്ച കെട്ടിടത്തിൽ കോളേജ് കാന്റീൻ പ്രവർത്തിക്കുന്നതിന് നഗരസഭ ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ടി കെട്ടിടങ്ങളുടെ നികുതിനിർണ്ണയിച്ചത് വിദ്യാഭ്യാസാവശ്യം എന്നതിന് ബാധകമായ നിരക്കിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | പ്രിൻസിപ്പാൾ, സെന്റ് തോമസ് കോളേജ്, പാല |
| കെട്ടിട നമ്പർ | 23/335 |
| തറവിസ്തീർണ്ണം | 110 ച.മീറ്റർ |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗക്രമം | കോളേജ് കാന്റീൻ |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ ആധാരമാക്കിയത് | വിദ്യാഭ്യാസാവശ്യം ( 8/ച.മീറ്റർ) |

| | |
|---|---|
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (55/ച.മീറ്റർ) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 25/15.02.23 ) നികുതി നിർണ്ണയത്തിൽ വന്ന അപാകത പരിഹരിച്ച് പുതുക്കിയ നികുതി നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി നൽകി. പുതുക്കിയ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ് .

1-17 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചു

നഗരസഭയിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് പ്രത്യേക നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചു. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ.

എന്നാൽ നഗരസഭയിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നഗരസഭയിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 75 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ജസ്റ്റിൻ മാത്യു ബേബി |
| വാർഡ് നമ്പർ | 21 |
| കെട്ടിട നമ്പർ | 1-20, 1-21, 1-22 ( ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും ഒരേ ഉപയോഗക്രമത്തിലുള്ളതുമായ കെട്ടിടം) |
| തറവിസ്തീർണ്ണം | 115.58 |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (55/ച.മീറ്റർ) |
| ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് ( |

| | |
|---|---|
| | 75/ച.മീറ്റർ) |

2.

| | |
|---|---|
| ഉടമസ്ഥന്റെ പേര് | ജോസഫ് മണക്ക്, ഷൈൻ ചാക്കോ, സുശീല ജോസഫ്, ഡോ.പീറ്റർ മണക്ക്,ഡോ.ഷേർലി പോളി,അബ്രാഹം മണക്ക് |
| വാർഡ് നമ്പർ | 21 |
| കെട്ടിട നമ്പർ | 1-1,1-11,1-5,1-6,1-7,1-8,1-23,1-24,1-25,1-26,1-27 |
| തറവിസ്തീർണ്ണം | 1/1- 52.84 ,1/11-40.89,1/5-37.44,1/6-30.02,1/7-91.45,1/8-79.27,1/23-90.66,1/24-77.58,1/25-34.17,1/26-43.04,1/27-23.11 ആകെ - 600.47 ച.മീറ്റർ |
| സഞ്ചയയിൽ കെട്ടിടത്തിന്റെ നികുതിനിർണ്ണയിക്കാൻ ആധാരമാക്കിയത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ താഴെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (55/ച.മീറ്റർ) |
| കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കാൻ ആധാരമാക്കേണ്ടിയിരുന്നത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ബാധകമായ നിരക്ക് (75/ച.മീറ്റർ) |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 25/15.02.23 ) ചട്ടം 3(4) പ്രകാരമാണ് നികുതി നിർണ്ണയിച്ചത് എന്ന മറുപടി അംഗീകരിക്കാൻ സാധിക്കില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-3(5) പ്രകാരം പുതുക്കിയ നികുതി ഈടാക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി- വസ്തുനികുതി നിർണ്ണയത്തിന് കാനോപ്പി ഏരിയ ഉൾപ്പെടുത്തിയും ഒഴിവാക്കിയുമുള്ള രീതി പിൻതുടരുന്നത് മൂലം വരുമാന നഷ്ടം

ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് നഗരസഭയ്ക്ക് നിശ്ചയിക്കാവുന്നതാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 60 രൂപയായി നഗരസഭാ കൗൺസിൽ തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്.

നഗരസഭയിൽ ചില ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയ ഉൾപ്പെടെ കണക്കിലെടുത്ത് നികുതി ചുമത്തിയപ്പോൾ മറ്റ് ചില ഫ്യൂവൽ സ്റ്റേഷനുകളുടെ ഓഫീസ് റൂം, സെയിൽസ് റൂം എന്നീ ഭാഗങ്ങൾക്ക് മാത്രം നികുതി ചുമത്തുകയും യഥാർത്ഥത്തിൽ ഇടപാടുകൾ നടക്കുന്ന കെട്ടിടത്തിന്റെ ഭാഗം നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്തത് വസ്തുനികുതിയിൽ വലിയ ഏറ്റക്കുറച്ചിലുണ്ടാക്കിയിട്ടുണ്ട്. നികുതി പരിഷ്കരിച്ചപ്പോൾ മുൻപ് സെയിൽസ് റൂം, ഓഫീസ് റൂം എന്ന രീതിയിൽ മാത്രം നികുതി ചുമത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുകയാണ് നഗരസഭ ചെയ്തത്. കാനോപ്പി ഏരിയയുടെ നികുതി പുതിയതായി ഉൾപ്പെടുത്തിയില്ല. ഇത് വസ്തുനികുതി ചുമത്തലിലെ അസമത്വത്തിനും നഗരസഭയുടെ വരുമാനം കുറയുന്നതിനുമിടയാക്കും. കാനോപ്പി ഏരിയ പരിഗണിച്ച് നികുതി ചുമത്തപ്പെട്ട ഫ്യൂവൽ സ്റ്റേഷനുകളുടെ തറവിസ്തൃതി 300 M2 കൂടുതൽ ഉള്ളപ്പോൾ പരിഗണിക്കാത്തവയുടെ തറവിസ്തൃതി കേവലം 16 M2 മുതൽ 70 M2 വരെയാണ്. കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി നിർണ്ണയത്തിനായി പരിഗണിക്കാത്ത ഫ്യൂവൽ സ്റ്റേഷനുകളുടെ സഞ്ചയ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫ്യൂവൽ സ്റ്റേഷനുകളുടെ പേര് | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി |
|---|---|---|
| BPCL | 20/1048 | 47 M2 |

| | | |
|---|---|---|
| ഭാരത് പെട്രോളിയം TV എബ്രഹാം | 20/1963 | 16 M2 |
| HPC | 3/43 | 70 M2 |
| ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ | 20/1281 | 18 M2 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/14.02.23) കാലപ്പഴക്കമുള്ള കെട്ടിടങ്ങളാണെന്നും അസസ്സ്മെന്റ് രജിസ്റ്ററിലെ വിവരങ്ങളാണ് സഞ്ചയയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും മറുപടി നൽകി .

പഴക്കം ഒരു ഘടകമാണെങ്കിലും മിക്ക ഫ്യൂവൽ സ്റ്റേഷനുകളുടെയും കാനോപ്പി ഭാഗം കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നവയാണ്. ഇനി വസ്തു നികുതി പരിഷ്കരിക്കുമ്പോൾ വാണിജ്യ ഇടപാടുകൾ നടക്കുന്ന കാനോപ്പി ഏരിയ കൂടി കണക്കിലെടുത്ത് വസ്തുനികുതി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 വസ്തുനികുതി ഒഴിവാക്കിയ ഗണത്തിൽ ഉൾപ്പെടുത്തിയ കെട്ടിടം സംബന്ധിച്ച് വ്യക്തത വരുത്തിയില്ല

1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്-235 പ്രകാരം നികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി ഒഴിവിന് അർഹത. അതായത് ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങളും അനുബന്ധ ഹോസ്റ്റലുകളും, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്.

എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത വാർഡ്- 16 ലെ 519 ച.മീറ്റർ വിസ്തീർണ്ണം ഉള്ള താലൂക്ക് വെൽഫെയർ ഓഫീസ് (കെട്ടിട നം- 16/240) എന്ന സ്ഥാപനത്തെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു . എന്ത് കാരണത്താലാണ് നികുതി ഒഴിവാക്കിയത് എന്ന് സഞ്ചയയിൽ സൂചിപ്പിച്ചിട്ടുമില്ല. പ്രസ്തുത സ്ഥാപനത്തിന് നികുതി ഇളവ് ചെയ്ത് നൽകാനുണ്ടായ കാരണം അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 25/15.02.23 ) പ്രസ്തുത കെട്ടിടത്തിന് 35 വർഷത്തെ കാലപ്പഴക്കം ഉണ്ടെന്നും എന്ത് കാരണത്താലാണ് നികുതി ഒഴിവാക്കിയത് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും മറുപടി നൽകി. ഈ വിഷയത്തിന്മേൽ വിശദമായ പരിശോധന നടത്തി അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-20 ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ - സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിച്ചിട്ടില്ല .

9/7/2015 ലെ സ.ഉ (എം.എസ് ) നം.231 /15/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോഴും 1975 ലെ കേരള കെട്ടിടനികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയിട്ടുണ്ടെങ്കിൽ മാത്രം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ തറ വിസ്തീർണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് .

കെട്ടിടങ്ങൾക്ക് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട്, 2021-22 കാലയളവിലെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടത്തിന് മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ, വില്ലേജ്

ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകൾ ഉണ്ടായിരുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വില്ലേജ് | ഉടമയുടെ പേര് | പ്ലീന്ത് ഏരിയ ($M^2$)/ ഉപയാഗ ഗണം (പാർപ്പിടം/ വാണിജ്യം) | ഈടാക്കേണ്ട നികുതി (11/09/2020ലെ 1000(1) Leg A2/2020/Law നമ്പർ ഗസറ്റ് വിജ്ഞാപനം , SC-1/49/2020 റവ, തീയതി 18/08/2020) |
|---|---|---|---|
| 21/237-1മുതൽ 237/37 വരെ ളാലം വില്ലേജ് | KSRTC | 1203 $M^2$ (വാണിജ്യം) | 485180 രൂപ ( 250$M^2$ മുകളിൽ തറവിസ്തീർണ്ണമുള്ളവയുടെ നിരക്ക് - 46800 + 250M2 മുകളിൽ അധികമുള്ള ഓരോ 10 ച.മീറ്ററിനും 4600 വീതം ) |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.26/15.02.23) മേൽ സൂചിപ്പിച്ച ഉത്തരവ് പാലിച്ചതിന്റേയോ, വില്ലേജ് ഓഫീസിൽ അറിയിച്ചതിന്റേയോ രേഖകൾ ഉണ്ടായിരുന്നില്ല എന്ന് സെക്രട്ടറി മറുപടി നൽകി .

ഒറ്റത്തവണ കെട്ടിടനികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ലാത്ത കൂടുതൽ കെട്ടിടങ്ങൾക്ക് 2021-22 കാലയളവിൽ നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കും. മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വിവരങ്ങൾ ളാലം വില്ലേജ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഒറ്റത്തവണ കെട്ടിടനികുതി ഈടാക്കൽ സംബന്ധിച്ച സർക്കാർ നിർദ്ദേശം കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-21 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലുള്ള നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഫാത്തിമാ കണ്ണാശുപത്രി | 1 |
| 2 | സെന്റ് ആന്റണീസ് എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പാലാ | 1,2 |
| 3 | സെന്റ് ജൂഡ് ഡെന്റൽ ക്ലിനിക് | 1,2 |
| 4 | പോസ്റ്റ് ഓഫീസ്, കിഴതടിയൂർ | 2 |
| 5 | കരുണ ആയുർവേദ ആശുപത്രി | 1,2 |
| 6 | സണ്ണി ദന്താശുപത്രി | 1,2 |
| 7 | ചെമ്പകശ്ശേരിൽ ഹോമിയോ ക്ലിനിക് | 1,2 |

| | | |
|---|---|---|
| 8 | വൈപ്പന ദന്താശുപത്രി | 1,2 |
| 9 | ജോസ് തീയറ്റർ | 1,2 |
| 10 | മണർകാട് തീയറ്റർ | 1,2 |
| 11 | സൺസ്റ്റാർ ഹോട്ടൽ | 1,2 |
| 12 | കെ പി ബി നിധി ലിമിറ്റഡ് | 1 |
| 13 | പാലാ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1 |
| 14 | സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് | 1,2 |
| 15 | കോ-ഓപ്പറേറ്റീവ് ഇൻഡസ്ട്രീസ്, പാലാ | 1,2 |
| 16 | പാലാഴി ലാറ്റക്സ് | 2 |
| 17 | വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാലാ | 1,2 |
| 18 | എൻ സി എസ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | 1,2 |
| 19 | സ്റേറ്റ് വെയർ ഹൗസ് | 2 |
| 20 | തറപ്പേൽ പെട്രോൾ പമ്പ് | 1,2 |
| 21 | മലയാള മനോരമ കമ്പനി ലിമിറ്റഡ് | 1,2 |
| 22 | പാലാ ക്ഷീര വ്യവസായ സഹകരണ സംഘം | 1,2 |
| 23 | ഐശ്വര്യ സിൽക്ക്സ് | 1,2 |
| 24 | ഇൻഡി ട്രേഡ് മൈക്രോഫിനാൻസ് | 1,2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/14.02.2023) മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാത്ത ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസ്സിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ ഏതെങ്കിലും അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ്സ് നടത്തുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം നഗരസഭാ പരിധിയിലുള്ള നിരവധി ട്രേഡേഴ്സിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സജി സൗണ്ട്സ് & ഡെക്കറേഷൻസ് | 1,2 |
| 2 | അൽഫോൺസാ അസോസിയേറ്റസ് & കോൺട്രാക്ട്സ് | 1,2 |

| | | |
|---|---|---|
| 3 | പാലമറ്റത്തിൽ ഏജൻസീസ് | 1,2 |
| 4 | മൈ ഡേ സ്റ്റുഡിയോ | 1,2 |
| 5 | ഊരകത്ത് ഹോളോബ്രിക്സ് | 1,2 |
| 6 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് | 2 |
| 7 | പുതിയ മഠത്തിൽ കൺസ്ട്രക്ഷൻസ് | 2 |
| 8 | ആശ്വാസ് മെഡിക്കൽസ് | 1,2 |
| 9 | യോഗക്ഷേമം കുറീസ് | 2 |
| 10 | സ്റ്റാർ ഹോം ലോട്ടറി | 1,2 |
| 11 | അന്ന മൊബൈൽസ് | 1,2 |
| 12 | ഹോട്ടൽ സംഘം | 1,2 |
| 13 | അന്ന ട്രേഡേഴ്സ് | 1,2 |
| 14 | ഐ മാക്സ് എഡിറ്റിംഗ് സ്റ്റുഡിയോ | 1,2 |
| 15 | ആരോമൽ ട്രാവൽസ് | 1,2 |
| 16 | എ ബി സി ബിൽഡേഴ്സ് | 1,2 |
| 17 | ജെ & ജെ അസോസിയേറ്റ്സ് | 2 |
| 18 | മരിയ ലക്കി സെന്റർ | 1,2 |
| 19 | കോമേഴ്സ് അക്കാഡമി | 2 |
| 20 | സിൻസിയർ ഇലക്ട്രിക്കൽസ് | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/14.02.2023) മേൽ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി അടവാക്കാത്ത ട്രേഡേഴ്സിന്റെ കൃത്യമായ കണക്കെടുത്ത് എല്ലാ ട്രേഡേഴ്സിൽ നിന്നും നികുതി ഈടാക്കി നഗരസഭാ ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-23 കംഫർട്ട് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം

പാലാ നഗരസഭ പരിധിയിലുൾപ്പെട്ട കുരിശുപള്ളി ജംഗ്ഷൻ കംഫർട്ട് സ്റ്റേഷൻ, ളാലം പാലം ജംഗ്ഷൻ കംഫർട്ട് സ്റ്റേഷൻ എന്നിവ 2021-2022 വർഷം ലേലം ചെയ്ത് കുത്തകക്കാരെ ഏൽപ്പിച്ചുനൽകിയതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. ടി ആസ്തികളിന്മേൽ ലേല/പുനഃലേല നടപടികൾ സ്വീകരിച്ചിരുന്നോയെന്നത് സംബന്ധിച്ചും, ആസ്തികൾ കുത്തകക്കാർ ഏൽക്കാത്ത പക്ഷം, നടത്തിപ്പ് നഗരസഭ നേരിട്ട് ഏറ്റെടുത്തിരുന്നോയെന്നത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [15/14.02.2023], ടി കംഫർട്ട് സ്റ്റേഷനുകൾ 2021-22 വർഷം ഒരു തവണ ലേലവും, മൂന്ന് തവണ പുനഃലേലവും നടത്തിയിരുന്നെങ്കിലും ആരും കുത്തക ഏറ്റെടുത്തിരുന്നില്ലെന്നും, ജീവനക്കാരെ ആയതിലേയ്ക്ക് നിയോഗിക്കുന്നത് നഗരസഭയ്ക്ക് സാമ്പത്തിക ബാധ്യത വരുത്തിവെയ്ക്കുമെന്നതിനാൽ നഗരസഭ നേരിട്ട് നടത്തിയിരുന്നില്ലെന്നും, പ്രസ്തുത സ്ഥലങ്ങളിൽ പൊതുജനങ്ങൾ താരതമ്യേന കുറവാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ജനോപകാരപ്രദമാകേണ്ട കംഫർട്ട് സ്റ്റേഷനുകൾ പ്രവർത്തിപ്പിക്കാതിരുന്നതും, നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരവിനങ്ങൾ ഉപയോഗപ്പെടുത്താതിരുന്നതും ശരിയായ നടപടിയല്ല. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ, ആസ്തികളിന്മേൽ യുക്തമായ നടപടി സ്വീകരിയ്ക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-24 വാടക – ഭീമമായ കുടിശ്ശിക.

കടമുറികളുടെ വാടകയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം നഗരസഭയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| തൻ വർഷ കുടിശ്ശിക (2021-22) | മുൻ വർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|

| | | |
|---|---|---|
| 1316527 | 2293720 | 3610247 |

ഒരു വർഷത്തിൽ കൂടുതൽ കാലയളവിലെ വാടക കുടിശ്ശിക വരുത്തിയവരുടെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | കട മുറി നമ്പർ | ലൈസൻസിയുടെ പേര് | വാടക | കുടിശ്ശിക വരുത്തിയ മാസം (31/03/22 പ്രകാരം ) | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | TKRA-S7 | സനീഷ് സി കെ | 1340 | 2/20 മുതൽ 03/22 വരെ | 34840 |
| 2 | TKRA-S8 | സനീഷ് സി കെ | 1340 | 2/20 മുതൽ 03/22 വരെ | 34840 |
| 3 | TKRA-S1 | പി കെ പ്രകാശ് | 1340 | 4/19 മുതൽ 03/22 വരെ | 48240 |
| 4 | TKRA-F12 | രാജേഷ് കെ ജേക്കബ് | 4470 | 7/20 മുതൽ 03/22 വരെ | 93870 |
| 5 | TKRA-S14 | സന്തോഷ് കെ ആർ | 1584 | 07/19 മുതൽ 03/22 വരെ | 52272 |
| 6 | MCCB-G11 | പ്രസിഡന്റ് ഇക്കോ ഷോപ്പ് | 3610 | 12/19 മുതൽ 03/22 വരെ | 101080 |
| 7 | MCCB-G17 | ഗോഡ്ഫി സാബു | 2465 | 6/18 മുതൽ 03/22 വരെ | 113390 |
| 8 | MCCB-G26 | ജോസ് ജോസഫ് | 4780 | 10/19 മുതൽ 03/22 വരെ | 143400 |
| 9 | MCCB-F18 | സോനു സുനിൽ | 4598 | 12/17 മുതൽ 03/22 വരെ | 239096 |
| 10 | MCCB-S10 | മനോജ് കെ ആർ | 1175 | 09/18 മുതൽ 03/22 വരെ | 50525 |
| 11 | MCB-F24 | ഷാജു വി തുരുത്തേൽ | 625 | 12/20 മുതൽ 03/22 വരെ | 10000 |
| 12 | MCB-S28 | കെ എസ് വേണുഗോപാൽ | 1200 | 11/20 മുതൽ 03/22 വരെ | 20400 |
| 13 | MCB-C10 | അരുൺ സെബാസ്റ്റ്യൻ | 2550 | 9/20 മുതൽ 03/22 വരെ | 48450 |
| 14 | NCB-17 | റോസമ്മ ജോസഫ് | 3565 | 8/20 മുതൽ 03/22 വരെ | 71300 |
| 15 | TBG-5 | ബിസ്കിയേഴ്സ് | 1810 | 4/18 മുതൽ 03/22 വരെ | 86880 |
| 16 | TBG-18 | കെ ആർ മനോജ് | 965 | 12/19 മുതൽ 03/22 വരെ | 27020 |
| 17 | TBG-20 | പി ജെ തോമസ് | 555 | 3/20 മുതൽ 03/22 വരെ | 13875 |
| 18 | VST-F5 | അനിൽകുമാർ വി | 4220 | 8/19 മുതൽ | 135040 |

| | | | | |
|---|---|---|---|---|
| | | എസ് | 03/22 വരെ | |

കുടിശ്ശിക തുക ഈടാക്കാൻ സ്വീകരിക്കുന്ന നടപടികൾ, വാടക ഇനത്തിലെ നിലവിലെ കുടിശ്ശിക വിവരങ്ങൾ എന്നിവ അറിയിക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/14.02.2023) കുടിശ്ശിക തുക ഈടാക്കാൻ ലൈസൻസികൾക്ക് നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് മറുപടി നൽകി. വാടക ഇനത്തിലെ നിലവിലെ കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയില്ല. കോവിഡ് കാലത്ത് വാടക ഇളവിന് അർഹത ഉണ്ടെങ്കിൽ ആയത് കൂടി പരിഗണിക്കേണ്ടതും, കുടിശ്ശിക തുക ഈടാക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് .

ബൈലോ തയാറാക്കിയിട്ടില്ല

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഓപ്പൺ സ്റ്റേജുകൾ, ഹാളുകൾ, സ്റ്റേഡിയം, ബങ്കുകൾ, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി തുടങ്ങി നിരവധി ആസ്തികളുണ്ട്. വാടക പിരിവുമായി ബന്ധപ്പെട്ട് ബൈലോ നിലവിലുള്ളതായി കാണുന്നില്ല. നഗരസഭ 5 വർഷത്തേക്ക് വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.

1-25 നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടന്ന - വരുമാന നഷ്ടം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ഒഴിഞ്ഞുകിടക്കുന്നതായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു . വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലംക്സ് | ആകെയുള്ള മുറികൾ | 2021-22 ൽ ഒഴിഞ്ഞ് കിടന്ന മുറികൾ |
|---|---|---|---|
| 1 | മുൻസിപ്പൽ കോംപ്ലക്സ് ബിൽഡിംഗ് | 115 | S7 ( 1 മുറി ) |
| 2 | മുൻസിപ്പൽ കൊമേഴ്സ്യൽ കോംപ്ലക്സ് ബിൽഡിംഗ് | 73 | MCCB- G13 , G14, G18,G32,G33, G34<br>MCCB- F15<br>( 7 മുറികൾ ) |
| 3 | തെക്കേക്കര കോംപ്ലക്സ് | 57 | TKRA-F1,F4, TKRA-S17 ( 3മുറികൾ ) |
| 4 | കൊട്ടാരമറ്റം ന്യൂകോംപ്ലക്സ് | 69 | KBT(N)-F1,F3,F13,F14,F20,F21<br>KBT(N)- S1,S10, (8 മുറികൾ ) |
| 5 | ടൗൺ ബസ്സ്റ്റാന്റ് ഗാരേജ് | 18 | TBG- 13,15,16 ( 3 മുറികൾ ) |

കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം - 27/15.02.23) നിലവിൽ ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി നൽകി. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതിരിക്കുന്നത് വരുമാനനഷ്ടത്തിനിടയാക്കും. മുറികൾ ഒഴിയുമ്പോൾ തന്നെ ലേലത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. തുടർവർഷങ്ങളിൽ മുറികൾ വീണ്ടും വാടകയ്ക്ക് നൽകുന്നത് നീണ്ടുപോകുന്ന സാഹചര്യം ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ നഗരസഭാ കൗൺസിലും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും അടിയന്തിരമായി ഇടപെടേണ്ടതാണ്.

1-26 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പുനർലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചില്ല .

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 2013 കാലയളവ് മുതൽ ശ്രീ ആന്റണി ജേക്കബ്, തേക്കുംകാട്ടിൽ എന്ന വ്യക്തിയുടെ പേരിലുള്ള സെന്റ് ആന്റണീസ് എഡ്യുക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് പ്രതിമാസ വാടക അടിസ്ഥാനത്തിൽ ലേലത്തിൽ നൽകിയിരുന്നു. കാലാവധി പൂർത്തിയായതിനെ തുടർന്ന് രണ്ട് തവണ കൂടി ടിയാളുടെ വാടക കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. അവസാനം 1.4.2017 മുതൽ 31.3.2022 വരെയുള്ള 5 വർഷ കാലയളവിലേക്കായിരുന്നു കരാർ നീട്ടി നൽകിയത്. കോവിഡിനെ തുടർന്ന് സ്ഥാപനം നടത്താനാവില്ലെന്ന് കാണിച്ച് 30.6.2020 ൽ ലേലക്കാരൻ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയത് കമ്മിറ്റി പരിഗണിക്കുകയും സ്ഥാപനം പ്രവർത്തിച്ച കാലയളവ് വരെയുള്ള കുടിശ്ശിക ഈടാക്കി കുത്തകക്കാരനെ ഒഴിവാക്കുകയും ചെയ്തു. 2020-21 കാലയളവോടെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പ്രവർത്തനം നിലച്ചു. തുടർന്ന് ഹോസ്റ്റൽ മുറികൾ മെയിന്റനൻസ് ചെയ്യേണ്ട സാഹചര്യമുണ്ടായതിനാൽ പുനർലേലം ചെയ്യുന്നതിന് നഗരസഭ നടപടി സ്വീകരിച്ചിരുന്നില്ല എന്ന് സെക്രട്ടറിയുടെ മറുപടിയെ ഉദ്ധരിച്ച് 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ ഹോസ്റ്റൽ മുറികൾ മെയിന്റനൻസ് നടത്തി പുനർലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. 1.4.2017 മുതൽ ജിഎസ്ടി ഉൾപ്പെടെ പ്രതിമാസ വാടകയായി 39494 രൂപയാണ് മുൻ കുത്തകക്കാരനിൽ നിന്ന് ലഭിച്ചിരുന്നത്.

ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം- 37/16.02.23) 2021-22 കാലയളവിൽ സ്ഥാപനം പ്രവർത്തിച്ചില്ലയെന്ന് മറുപടി നൽകി. എന്നാൽ നിലവിൽ ഹോസ്റ്റൽ മുറികൾ മെയിന്റനൻസ് ചെയ്യേണ്ട സാഹചര്യമാണോ ഉള്ളത് എന്നത് സംബന്ധിച്ച് വ്യക്തമായ മറുപടി നൽകിയില്ല. നഗരസഭയുടെ ആസ്തികൾ നശിച്ച് പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ആവശ്യമായ മെയിന്റനൻസ് നടപടികൾ നടത്തി മുറികൾ വാടകയ്ക്ക് നൽകി കൊടുത്ത് തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 പെർമിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് - അപാകതകൾ

പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ കവറേജ്, FSI, കെട്ടിടങ്ങളിൽ നിന്നും ലഭിച്ച പെർമിറ്റ് ഫീസ് എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇനി മുതൽ പെർമിറ്റ് രജിസ്റ്ററിൽ മേൽ സൂചിപ്പിച്ച എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-28 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

2011-ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 86, 187 എന്നിവ പ്രകാരവും 1997-ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരവും ഒരു നഗരസഭയുടെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പാലാ നഗരസഭാ പരിധിയിൽ 2021-22 വർഷത്തെ ലൈസൻസ് , പാരാമെഡിക്കൽ രജിസ്ട്രേഷൻ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും നിരവധി സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം |
|---|---|
| 1 | എക്സ്ലോൺ ലാബോറട്ടറി |
| 2 | എച്ച് ഐ എം എസ് ഹോമിയോ ക്ലിനിക് |
| 3 | വെട്ടിയാങ്കൽ ഹോമിയോ ക്ലിനിക് |
| 4 | മരിയൻ ഡെന്റൽ ക്ലിനിക് |
| 5 | കാരിത്താസ് ഡെന്റൽ ക്ലിനിക് |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/14.02.2023) മേൽ സ്ഥാപനങ്ങളുടെ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി

നൽകിയിട്ടുണ്ട്. ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടലംഘനവും നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാകുന്നതുമാകയാൽ കൃത്യമായ അന്വേഷണം നടത്തി സ്ഥാപനങ്ങളുടെ എണ്ണം കണക്കാക്കി ലൈസൻസ് ഫീസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 സേവന ഉപനികുതി പിരിവ് പുന:സ്ഥാപിച്ചിട്ടില്ല

നഗരസഭ പരിധിയിലുള്ള കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നതിന് 9.10.20 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നിശ്ചയിച്ച് തീരുമാനമെടുത്തിരുന്നു. കേരള മുനിസിപ്പാലിറ്റി (സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) 2011 ചട്ടം 26,27 പ്രകാരം ശുചിത്വ പരിപാലനം (4%), ജലവിതരണം (3%), തെരുവുവിളക്ക് (2%), ഡ്രെയിനേജ് (1%) എന്നിങ്ങനെ കെട്ടിടത്തിന്റെ വസ്തുനികുതിയുടെ നിശ്ചിത ശതമാനമാണ് സേവന ഉപനികുതിയായി നിശ്ചയിച്ചത്. 2020-21 സാമ്പത്തിക വർഷം മുതൽ നിയമപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനാണ് കൗൺസിൽ തീരുമാനമെടുത്തത്. ആയതിൻ പ്രകാരം ചുരുങ്ങിയ കാലയളവിൽ, നികുതി നിർണയിച്ചിട്ടുള്ള ഏതാനും കെട്ടിടങ്ങൾക്ക് മാത്രം സേവന ഉപനികുതി ചുമത്തിയിരുന്നു. എന്നാൽ 11.1.2021 ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ സേവന ഉപനികുതി ഈടാക്കുന്നത് തൽക്കാലം മാറ്റി വെക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ നാളിതുവരെ സേവന ഉപനികുതി പിരിവ് പുന:സ്ഥാപിച്ചിട്ടില്ല. സേവന ഉപനികുതി പിരിവ് പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടികൾ കൗൺസിൽ തീരുമാനമെടുത്ത് നടപ്പാക്കേണ്ടതാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന മുനിസിപാലിറ്റിയിൽ നിന്ന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് എന്നിങ്ങനെ നൽകി വരുന്ന സേവനങ്ങൾക്ക് നിയമപരമായി ചുമത്താവുന്ന സേവന ഉപനികുതി എല്ലാ ഗുണഭോക്താക്കളിൽ നിന്നുമായി ഈടാക്കുന്നത് നഗരസഭയ്ക്ക് ഗുണകരമായി മാറുമെന്നതിനാൽ ഉചിതമായ തീരുമാനം കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണ് .

1-30 ഈടാക്കുന്ന വിനോദനികുതി നിരക്കിൽ വ്യക്തതയില്ല.

വിനോദനികുതിയുമായി ബന്ധപ്പെട്ട് പാലാ നഗരസഭ കാര്യാലയത്തിൽ പരിപാലിച്ചുവരുന്ന രജിസ്റ്റർ/ഫയൽ എന്നിവ പ്രകാരം, നഗരസഭ പരിധിയിൽ മഹാറാണി, യുവറാണി, യൂണിവേഴ്സൽ, ജോസ്, പുത്തേട്ട് തുടങ്ങിയ അഞ്ചു സിനിമ തീയേറ്ററുകളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ, 'പുത്തേട്ട് സിനിമാസ്'' എന്ന മൂന്ന് സ്ക്രീനുകളോടുകൂടിയ മൾട്ടിപ്ലക്സ് സിനിമ തീയറ്റർ സമുച്ചയം, 2022-2023 സാമ്പത്തിക വർഷമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. സ. ഉ. (കൈ) നം. 112/2019/തസ്വഭവ/31.08.2019 പ്രകാരം, 100/- രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും, 100/- രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും, 01.09.2019 തീയതി മുതൽ ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എന്നാൽ, നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ തീയേറ്ററുകൾ ലഭ്യമാക്കിയിട്ടുള്ള DCR പ്രകാരം, ടി നിരക്കുകൾ കൃത്യമായി പാലിക്കപ്പെടുന്നതായി വ്യക്തമായിട്ടില്ല. പരിശോധനയിൽ കണ്ടെത്തിയവയിൽ ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

YUVARANI COLLECTION FROM 01.01.2022 TO 31.01.2022

| CLASS | TICKETS SOLD | PRICE OF ADMN | AMOUNT | E.T RATE | E.T AMOUNT |
|---|---|---|---|---|---|
| ROSE CIRCLE | 822 | 100.16 | 82331.52 | 5.00 | 4110 |
| JASMINE CIRCLE | 46 | 80.27 | 3692.42 | 4.01 | 184.46 |
| TOTAL | 868 | | 86023.94 | | 4294.46 |

ടി നിരക്കിൽ വിനോദനികുതി കണക്കാക്കാനുള്ള സാഹചര്യം സംബന്ധിച്ച്, പ്രസ്തുത സർക്കാർ ഉത്തരവിൽ റിവിഷൻ ഉണ്ടായിട്ടുണ്ടെങ്കിൽ ആയതുൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [34/16.02.2023], വിഷയം സംബന്ധിച്ച് പരിശോധന നടത്തുമെന്നും, തീയറ്റർ ഉടമകൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. നികുതി നിരക്ക് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും, യുക്തമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-31 വിട്ടുകിട്ടിയ സ്ഥാപനത്തിന്റെ വസ്തു നികുതി അടവാക്കുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമവിരുദ്ധം

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 235(സി) പ്രകാരം രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന എല്ലാ ആതുരാലയങ്ങളെയും വസ്തുനികുതി ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കേരള മുനിസിപാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011 പ്രകാരം ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടത്തിനോ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനത്തോടനുബന്ധിച്ച കെട്ടിടങ്ങൾക്കും വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുള്ളതാണ്. എന്നാൽ, പാലാ ജനറൽ ആശുപത്രിയുടെ ഭാഗമായ, ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക്, വസ്തുനികുതി നിർണയിച്ചിട്ടുള്ളതായി കാണുന്നു. 2021-2022 വാർഷിക പദ്ധതിയുടെ (പ്രോജക്ട് നം.S0023/2022 - ജനറൽ ആശുപത്രി കെട്ടിട നികുതി അടയ്ക്കൽ) ഭാഗമായി, മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ, പാലാ നിർവ്വഹണം നടത്തിയിട്ടുള്ള പദ്ധതിയിൽ മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം) നിന്നും 65,276/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിശദാംശങ്ങളും, കെട്ടിട വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച. മീ) | കെട്ടിടത്തിന്റെ ഉപയോഗക്രമം | പദ്ധതി പ്രകാരം ലൈബ്രറി സെസ്സ് ഉൾപ്പെടെ അടവാക്കിയ വസ്തു നികുതി |
|---|---|---|---|---|
| 1) | 20/2045 | 110 | ആശുപത്രികൾ(സർക്കാർ) | 1100/- |
| 2) | 20/2046 | 48 | ആശുപത്രികൾ(സർക്കാർ) | 480/- |
| 3) | 20/2047 | 174 | ആശുപത്രികൾ(സർക്കാർ) | 1044/- |
| 4) | 20/2048 | 460.8 | ആശുപത്രികൾ(സർക്കാർ) | 3917/- |
| 5) | 20/2052 | 3851.6 | ആശുപത്രികൾ(സർക്കാർ) | 51997/- |
| 6) | 20/2053 | 355.74 | വീടുകൾ | 3629/- |
| | | | ആകെ തുക | 65,276/- |

എം.ടി.എഫ്. നമ്പർ 31-ആർ.5-2243/2014/17.07.2021 പ്രകാരം നഗരസഭയിൽ നിന്നും ടി കെട്ടിടങ്ങളുടെ 2021-2022 (I &II) വർഷത്തെ വസ്തുനികുതി അടവാക്കാനാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റലിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 2021-2022 വാർഷിക പദ്ധതിയുടെ (പ്രോജക്ട് നം.S0023/2022 - ജനറൽ ആശുപത്രി കെട്ടിട നികുതി അടയ്ക്കൽ) ഭാഗമായി മെയിന്റനൻസ്

ഫണ്ടിൽ (റോഡിതരം) നിന്നും 65,276/- രൂപ ചെലവഴിക്കുകയും, വസ്തുനികുതി മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കുകയും ചെയ്തിരിക്കുന്നു. ടി കെട്ടിടങ്ങളിൽ ക്രമ നം. (6) സഞ്ചയ അസസ്സ്മെന്റ് പ്രകാരം വീടുകൾ എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടമാണ്. ആയത് ആശുപത്രി കെട്ടിടത്തിന്റെ ഭാഗമാണോയെന്നതും, സഞ്ചയ പ്രകാരം ഡിമാന്റ് നിശ്ചയിച്ചത് സംബന്ധിച്ചും, സഞ്ചയയിൽ പോസ്റ്റിംഗ് നടത്തിയിട്ടുണ്ടോയെന്നതും വ്യക്തമല്ല (2020-2021 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച പരാമർശം ഉള്ളതാണ്). നികുതി ഒഴിവാക്കി നൽകേണ്ട, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് വിട്ടു കിട്ടിയ സ്ഥാപനത്തിന് വസ്തുനികുതി നിർണയിച്ചത് സംബന്ധിച്ചും, ടി സർക്കാർ ആശുപത്രി കെട്ടിടങ്ങളുടെ വസ്തുനികുതി അടവാക്കുന്നതിനായി മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനുണ്ടായ സാഹചര്യം സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [45/17.02.2023], തുക അടവാക്കിയത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ, സഞ്ചയ വെബ് പോർട്ടലിൽ പോസ്റ്റിങ്ങ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും, പ്രോജക്ട് തയ്യാറാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ നഗരസഭയുടെ പ്ലാനിംഗ് സെക്ഷനിൽ നിന്ന് ലഭ്യമാക്കുമെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. നികുതി ഒഴിവാക്കിയിട്ടുള്ള ആശുപത്രി കെട്ടിടത്തിന്റെ നികുതി അടവാക്കുന്നതിനായി വാർഷിക പദ്ധതി മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുകയും ആയത് നഗരസഭയിൽ അടവാക്കിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പാലാ ജനറൽ ആശുപത്രിയുടെ വസ്തുനികുതി സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 235(സി), എച്ച് എന്നിവ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-32 പെൻഷൻ കോൺട്രിബ്യൂഷൻ -അടവാക്കുന്നില്ല.

1996ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ പതിനഞ്ച് ശതമാനം പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയപരിധിക്കുള്ളിൽ പെൻഷൻ വിഹിതം അടയ്ക്കാത്തപക്ഷം വീഴ്ച വരുത്തിയ കാലയളവിലേയ്ക്ക് തൽസമയം പ്രാബല്യത്തിലുള്ള പലിശ കൂടി നൽകുവാൻ മുനിസിപ്പാലിറ്റിക്ക് ബാധ്യതയുണ്ടായിരിക്കുന്നതാണ്. എന്നാൽ നഗരസഭയിൽ നിന്ന് സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഓഡിറ്റ് വർഷം തുകകൾ ഒടുക്കിയിട്ടില്ല. പെൻഷൻ ബാദ്ധ്യതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 41 നുള്ള മറുപടിയിൽ നഗരസഭാ കൗൺസിലിന്റെ 02-12-2019 ലെ 27-ാം നമ്പർ തീരുമാനപ്രകാരം നഗരസഭയുടെ സാമ്പത്തികസ്ഥിതി പരിമിതമായതിനാലും പെൻഷൻവിഹിതം ഇനത്തിൽ നഗരസഭ നാളിതുവരെ ചെലവഴിച്ച തുക സർക്കാരിൽ നിന്ന് ലഭിക്കാനുള്ളതിനാലും ടി തുക ലഭിക്കുന്നത് വരെ പെൻഷൻ കോൺട്രിബ്യൂഷൻ അടയ്ക്കേണ്ടതില്ലയെന്ന് തീരുമാനിച്ചിട്ടുള്ളതായാണ് അറിയിച്ചത്. കൗൺസിലിന്റെ ഈ തീരുമാനം ചട്ടവിരുദ്ധമാണ്. ചട്ടവിരുദ്ധമായി തീരുമാനമെടുക്കാൻ കൗൺസിലിന് അധികാരമില്ല.

ഓഡിറ്റിന് ലഭ്യമാക്കിയ കണക്ക് പ്രകാരം 2019 ജൂൺ മുതൽ 2022 മാർച്ച് വരെ റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ളത് 7906329/- രൂപയും കണ്ടിജന്റ് വിഭാഗത്തിന്റേത് 3299201/- രൂപയും ഉൾപ്പെടെ ആകെ 11205530/- രൂപയാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് 31-03-2022 വരെ ലഭിക്കാനുള്ളത് 85246747/- രൂപയാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് അടവാക്കാനുള്ള തുകയുടെയും പ്രസ്തുത ഫണ്ടിൽ നിന്നും തിരികെ ലഭിക്കാനുള്ള തുകയുടെയും ആധികാരിക വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-33 നഗരസഭയുടെ സാമ്പത്തിക ബാദ്ധ്യതകൾ.

നഗരസഭയ്ക്ക് കൊടുത്തുതീർക്കുവാൻ വൻ ബാദ്ധ്യതകൾ ഉള്ളതായാണ് വ്യക്തമാകുന്നത്. എന്നാൽ ഇതുസംബന്ധിച്ച് വാർഷികകണക്കുകളിൽ വ്യക്തമായി പ്രതിപാദിക്കുന്നില്ല. കൂടാതെ ബാദ്ധ്യതകൾ സംബന്ധിച്ച് ആധികാരികമായ രേഖകളും ലഭ്യമല്ല. നഗരസഭയിൽ നിന്ന് ലഭ്യമായ പെൻഷൻ കുടിശ്ശിക സംബന്ധിച്ച 41-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടി, വായ്പകൾ സംബന്ധിച്ച കണക്കുകൾ, വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കുടിശ്ശിക സംബന്ധിച്ച ബില്ലുകൾ, വാർഷിക കണക്കുകൾ എന്നിവ പ്രകാരം 31-03-2022 ൽ നിലനില്ക്കുന്ന ബാധ്യതകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.യു.ആർ.ഡി.എഫ്.സി വായ്പ കുടിശിക | - 30595952 |
| ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ഒഴിഞ്ഞവർക്ക് നല്കാനുള്ള ഡെപ്പോസിറ്റ് തുകകൾ | - 13374969 |
| കരാറുകാർക്ക് നല്കാനുള്ള ബിൽ തുക | - 16507906 |
| പെൻഷൻ പറ്റിയ ജീവനക്കാർക്കുള്ള തുകകൾ | - 25582474 |
| ജീവനക്കാരുടെ ഡി.എ കുടിശ്ശിക | - 5545983 |
| റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണകുടിശിക | - 3697151 |
| ശുചിത്വമിഷൻ ഫണ്ട് തിരിച്ചടയ്ക്കാനുള്ളത് | - 12200000 |
| വാട്ടർ അതോറിട്ടിക്ക് നല്കാനുള്ള കുടിശിക | -66198082 |

ബാദ്ധ്യതകൾ തീർപ്പാക്കി നഗരസഭയുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 ഹരിതകർമ്മസേന-പ്രവർത്തനം കാര്യക്ഷമമല്ല

സർക്കാർ ഉത്തരവ് (സാധാ) നം.1496/2020 തീയതി 12-08-2020 പ്രകാരം ഹരിതകർമ്മസേന പ്രവർത്തനമാർഗരേഖ അംഗീകരിക്കുകയുണ്ടായി. അതു പ്രകാരം പാലാ നഗരസഭയിലും ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 26 വാർഡുകളുള്ള നഗരസഭയിൽ 16 പേർ മാത്രമാണ് ഹരിതകർമ്മസേനാംഗങ്ങൾ. വീടുകളിൽ നിന്ന് 60/- രൂപയും സ്ഥാപനങ്ങളിൽ നിന്ന് 120/- രൂപയും വീതമാണ് യൂസർ ഫീസ് ഈടാക്കിവരുന്നത്. 2021 ആഗസ്റ്റ് മാസം മുതലാണ് ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2021-22 സാമ്പത്തികവർഷം നവംബർ മാസത്തിൽ പിരിച്ചെടുത്ത 40560/- രൂപയാണ് പ്രസ്തുത വർഷത്തെ ഏറ്റവും കൂടിയ പ്രതിമാസ പിരിവ്.

വീടുകളും വ്യാപാരസ്ഥാപനങ്ങളുമുൾപ്പെടെ ജനസാന്ദ്രത കൂടിയ നഗരസഭാ പ്രദേശത്തുനിന്ന് വളരെ കുറഞ്ഞ യൂസർഫീ മാത്രമെ ലഭ്യമാകുന്നുവെന്നതിൽ നിന്ന് ഹരിതകർമ്മസേനയുടെ പ്രവർത്തനം നഗരസഭയിൽ വേണ്ടത്ര ഫലപ്രദമല്ലയെന്നാണ് വ്യക്തമാകുന്നത്. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 24 നുള്ള മറുപടിയിൽ മാലിന്യസംഭരണത്തിന് മതിയായ സൗകര്യങ്ങൾ കുറവായതിനാൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി മാലിന്യശേഖരണം സാധിക്കുന്നില്ലയെന്നും മതിയായ സംഭരണസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്.
പ്ലാസ്റ്റിക് മാലിന്യ ശേഖരണ സംസ്കരണ പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണത്തിന് നിർണ്ണായകമായതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. നഗരസഭാകൗൺസിലിന്റെ അടിയന്തിര ഇടപെടൽ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

1-35 മഴക്കാല പൂർവ്വ ശുചീകരണം -സംയോജന സാധ്യതകൾ പരിശോധിച്ചില്ല -ചെലവ് രേഖകൾ മുഴുവൻ ലഭ്യമായില്ല.

മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായും വാർഡുതല ശുചിത്വസമിതി മുഖേനയും 26 വാർഡിലായി യഥാക്രമം 830012 രൂപ, 260000 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്. റോഡിന്റെ വശങ്ങൾ, ഓട, തോട് എന്നിവ വൃത്തിയാക്കുകയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുള്ളത് .

വാർഡുതല ശുചിത്വസമിതി മുഖേന ആകെ 26 വാർഡുകളുള്ള പാല നഗരസഭയുടെ ഓരോ വാർഡുകൾക്കുമായി മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 10000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ 13 വാർഡുകളിലെ ചെലവ് വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഓട, തോട് എന്നിവ വൃത്തിയാക്കുന്നതിനാണ് തുക ചെലവഴിച്ചത്. പ്രവർത്തനം നടത്തിയ സ്ഥലത്തിന്റെ വിവരം വ്യക്തമായി സൂചിപ്പിച്ചിട്ടില്ല. കൂടാതെ ചെലവഴിച്ച ബാക്കി 130000 രൂപയുടെ ചെലവ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. പൂർണ്ണമായ രേഖകൾ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം-36/16.02.23) മറുപടി ലഭ്യമാക്കിയില്ല . ഇക്കാരണത്താൽ മഴക്കാല പൂർവ്വ

ശുചീകരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുണ്ടോയെന്നത് ഉറപ്പാക്കാനായിട്ടില്ല.13 വാർഡുകളുടെ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 13 വാർഡുകൾക്കായി ചെലവഴിച്ച 130000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.(വൗച്ചർനം.49/2-22, ചെക്ക് നം.867292/11-02-22, ഫയൽ നം.H3 5768/13).

സ.ഉ.(കൈ) നം.216/2017/ത.സ്വ.ഭ.വ. തീയതി:03.11.2017 പ്രകാരമുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 7.1.2 പ്രകാരം ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നും അതുപോലെ തന്നെ ഖണ്ഡിക നം.15 പ്രകാരം നഗരസഭയിലെ പദ്ധതികളുടെ സംയോജന സാധ്യതകളും പരിശോധിക്കേണ്ടതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ സംയോജന സാധ്യതകൾ പരിശോധിച്ചതായോ വ്യക്തമായ ഏകോപനവും ആസൂത്രണവും ഉണ്ടായതായോ കാണുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്. വ്യത്യസ്ത സമിതികൾ/വിഭാഗങ്ങൾ മുഖേന പ്രവർത്തനം നടത്തുമ്പോൾ വ്യക്തമായ ഏകോപനവും ആസൂത്രണവും ഉറപ്പാക്കേണ്ടതാണ് .

## 1-36 പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - 3,36,025/- രൂപയുടെ മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം. | എസ്ഒ018/22 |
| പ്രോജക്റ്റ് | പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 7,00,000/- |
| ചെലവ് | 5,60,456/- |
| ബിൽ നം./തീയതി | 29/2021-22 /07.01.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ജനറൽ ആശുപത്രി, പാലാ |

പാലാ ജനറൽ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2021-22 വർഷം ബിൽ നം.29/21-22 തീയതി 07.01.2022 പ്രകാരം 5,60,456/- രൂപ, KMSC Ltd - ന്റെ 10970200013250 [IFSC: FDRL0001097] നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, 2,24,431/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 3,36,025/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനവശേഷിക്കുന്നു. ഈ സാഹചര്യത്തിൽ ഇനി ലഭിക്കാനുള്ള മരുന്നുകൾക്കായുള്ള 3,36,025/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട ഇൻവോയ്സുകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-37 പാലാ ജനറൽ ആശുപത്രിയിൽ റിവേഴ്സ് ഓസ്മോസ്സിസ് പ്ലാന്റ് സ്ഥാപിക്കൽ - ധനവിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

2021-2022 വാർഷിക പദ്ധതിയുടെ ഭാഗമായി, പാലാ ജനറൽ ആശുപത്രിയിൽ ഡയാലിസിസ് ചികിത്സയുടെ ഭാഗമായി RO [Reverse Osmosis] പ്ലാന്റ് സ്ഥാപിക്കുന്നതിനായി KMSC Ltd [Kerala Medical Services Corporation Ltd] -ന്റെ 3624001800000037നം. അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | S00122/2022<br>ജനറൽ ആശുപത്രിയിൽ ഡയാലിസിസ് |

| | |
|---|---|
| | ചികിത്സയുടെ ഭാഗമായി RO പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 9,50,000/- |
| ചെലവ് | 9,50,000/- |
| ബിൽ നം./ തീയതി | 32/2021-2022/10.03.2022 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് [റോഡിതരം] |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ, പാലാ |

പദ്ധതി ഏറ്റെടുത്തിട്ടുള്ള KMSC Ltd-ൽ നിന്നുമുള്ള ധനവിനിയോഗ വിവരം ഫയലിൽ ലഭ്യമല്ല. പ്ലാന്റിന്റെ വർക്ക് പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ടോയെന്ന് KMSC Ltd-ൽ നിന്നുമുള്ള ബന്ധപ്പെട്ട ചെലവിന്റെ ടാക്സ് ഇൻവോയ്സ്, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [31/15.02.2023], മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ, മേൽ പ്രോജക്ടിനായുള്ള 9,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. KMSC Ltd -ൽ നിന്നുമുള്ള ബന്ധപ്പെട്ട ചെലവിന്റെ ടാക്സ് ഇൻവോയ്സ്, വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കണം

നഗരസഭയ്ക്ക് നിലവിൽ 19 വാഹനങ്ങളാണുള്ളത്. ഇതിൽ 6 ആപേ ഓട്ടോ റിക്ഷയും, ഒരു ട്രാക്ടറും ഉപയോഗ ശൂന്യമായാണ് സൂക്ഷിച്ചിട്ടുള്ളത്. ഉപയോഗശൂന്യമായ വാഹനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്ട്രേഷൻ നമ്പർ | വാഹനം | മോഡൽ |
|---|---|---|
| KL35 G-8592 | ട്രാക്ടർ | 1998 |
| KL35 C -637 | ആപേ ഓട്ടോ | 2011 |
| KL35 C-623 | ആപേ ഓട്ടോ | 2011 |
| KL35 C-618 | ആപേ ഓട്ടോ | 2011 |
| KL35 C-626 | ആപേ ഓട്ടോ | 2011 |
| KL35 C-612 | ആപേ ഓട്ടോ | 2011 |
| KL35 C-629 | ആപേ ഓട്ടോ | 2011 |

ടി വാഹനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും, നാളിതുവരെയും നടപടികൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും (നം. 9/14.02.2022) മറുപടി ലഭ്യമാക്കിയില്ല. ടി വാഹനങ്ങൾ ഉപയോഗശൂന്യമായി നശിച്ചു പോകാതെ അടിയന്തിരമായി ഇവ ലേലം ചെയ്ത് നഗരസഭ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-39 കുറ്റിക്കുരുമുളക് തൈ വിതരണം - കൈപ്പറ്റ് വിവരം ലഭ്യമല്ല

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | ബിൽ നമ്പർ / തീയതി |
|---|---|---|---|
| 1 | SO-102/22- കുറ്റിക്കുരുമുളക് തൈ വിതരണം | 530000/- വികസന ഫണ്ട് (ജനറൽ ) | 01/07.01.2022 |

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ പദ്ധതിയായ കുറ്റിക്കുരുമുളക് തൈ വിതരണം (വനിത) എന്ന പ്രോജക്ട് പ്രകാരം, KAICO Ltd. Divisional Office, Kavumbhagam, Thiruvalla എന്ന സ്ഥാപനത്തിൽ നിന്നും 100/-

രൂപ നിരക്കിൽ 5300 കുറ്റിക്കുരുമുളക് തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയലിനോടൊപ്പം ഹാജരാക്കിയ ഗുണഭോക്തൃലിസ്റ്റ് പ്രകാരം 26 വാർഡുകളിലായി 1202 പേർക്കാണ് തൈകൾ വിതരണം നടത്തേണ്ടിയിരുന്നത്. എന്നാൽ ലഭ്യമാക്കിയ ഫയലിൽ വിതരണം സംബന്ധിച്ച കൈപ്പറ്റ് രസീതുകൾ/വിതരണ രജിസ്റ്റർ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-20 തീയതി:14.02.2023) നൽകിയിരുന്നു. ആയതിനു ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാലമായിരുന്നതിനാൽ ഓരോ വാർഡിലെയും കൗൺസിലർമാർ മുഖേനയാണ് തൈകൾ വിതരണം ചെയ്തതെന്ന് കൃഷി ഓഫീസർ അറിയിച്ചു. വാർഡ് കൗൺസിലർമാരിൽ നിന്നുമുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കേണ്ടതും/വിതരണ രജിസ്റ്റർ തയ്യാറാക്കേണ്ടതുമാണ് .

## 1-40 ഗവ.ആയുർവേദ ഹോസ്പിറ്റൽ മെയിന്റനൻസ് - നെഗോസിയേഷൻ പരിഗണിക്കാതെ കരാറുകാരന് അധിക തുക നൽകി

| | |
|---|---|
| പ്രോജക്ട് നം | 115/22 |
| ചെലവ് | 124375 ( മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നം | 146/31.03.22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗവ.ആയുർവേദ ഹോസ്പിറ്റൽ നെഴ്സിംഗ് റൂം, ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി 2 ലക്ഷം രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതി ലഭ്യമായി. ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുക്കാത്തതിനാൽ ശ്രീ അനിൽകുമാർ P N , പൂവക്കുളത്ത് എന്ന കരാറുകാരൻ (10% എക്സസ്) ക്വട്ടേഷൻ മുഖേന പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായി. 16/12/21 ൽ അസിസ്റ്റന്റ് എഞ്ചിനീയർ നിരക്ക് നെഗോഷിയേറ്റ് ചെയ്യുന്നതിന് കരാറുകാരന് കത്ത് നൽകി. എസ്റ്റിമേറ്റ് നിരക്കിൽ വർക്ക് ചെയ്യാം എന്ന കരാറുകാരന്റെ മറുപടി കത്ത് (തീയതി രേഖപ്പെടുത്തിയിട്ടില്ല ) ഫയലിൽ ചേർത്തിട്ടുണ്ട്. എന്നാൽ 30/03/22 ലെ പാർട്ട് ബില്ലിലും 18/07/22 ലെ ഫൈനൽ ബില്ലിലും 10% ടെണ്ടർ എക്സസ് ഉൾപ്പെടുത്തിയാണ് ബില്ല് തയ്യാറാക്കി കരാറുകാരന് തുക നൽകിയിരിക്കുന്നത്. അധികം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | Ist പാർട്ട് ബിൽ | IInd ഫൈനൽ ബിൽ (2022-23 വർഷം) |
|---|---|---|
| വേലമൂല്യം | 100953.49 | 55972.21 |
| 10% ടെണ്ടർ എക്സസ് | 10095.35 | 5597.20 |
| ആകെ വേലമൂല്യം അനുവദിച്ചത് | 111048.84 | 61569.41 |
| ആകെ വേലമൂല്യം അനുവദിക്കാവുന്നത് | 100953.49 | 55972.21 |
| അധികം അനുവദിച്ച തുക | 10095.35 | 5597.20 |
| ആകെ | | 15692.55 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (05/15.02.23) അധികം നൽകിയ 5,597.20 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 നഗര ഉപജീവനകേന്ദ്രം-പ്രവർത്തന സജ്ജമായിട്ടില്ല.

ദേശീയ നഗര ഉപജീവന മിഷന്റെ കീഴിൽ കുടുംബശ്രീ നടപ്പിലാക്കി വരുന്ന നഗര ഉപജീവന പദ്ധതിയുടെ

ഭാഗമായി പാലാ നഗരസഭയിൽ നഗര ഉപജീവനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. മുനിസിപ്പൽ മാർക്കറ്റ് കോംപ്ലക്സിലെ എഫ്.1-XX/99 നമ്പർ മുറിയാണ് നഗര ഉപജീവനകേന്ദ്രമായിട്ട് പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ 10 ലക്ഷം രൂപയിൽ ആദ്യ ഗഡുവായി 3 ലക്ഷം രൂപ എൻ.യു.എൽ.എം. ഉപജീവനകേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി ലഭിച്ച 3 ലക്ഷം രൂപ കേന്ദ്രത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. (ഓഫീസ് നവീകരണം, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങൽ). 2018-19 കാലയളവിൽ ആരംഭിച്ച നഗര ഉപജീവന കേന്ദ്രം നാളിതുവരെ ലക്ഷ്യ പ്രാപ്തി കൈവരിച്ചതായി കാണുന്നില്ല.

കുടുംബശ്രീ ഡയറക്ടറുടെ സർക്കുലർ പ്രകാരം (നം. 6701/F/2013/KSHO/04.07.2015) നിരവധി ലക്ഷ്യങ്ങൾ നഗര ഉപജീവനകേന്ദ്രം കൈവരിക്കേണ്ടതുണ്ട്. അവയിൽ ഏതാനും ചിലത് ചുവടെ ചേർക്കുന്നു.

1.നഗരത്തിലെ പാവപ്പെട്ടവർ നടത്തുന്ന തൊഴിൽ സംരംഭങ്ങളിലെ ഉല്പന്നങ്ങളുടെ പ്രദർശനവും വിപണനവും സാധ്യമാക്കുക.

2.ദരിദ്രർക്ക് നൽകാൻ കഴിയുന്ന സേവനങ്ങൾ പ്രദാനം ചെയ്യാൻ കഴിയുന്ന കേന്ദ്രമായി പ്രവർത്തിക്കുക.

3.ഉത്പന്നങ്ങളുടെ വിപണന സാധ്യത ഗുണഭോക്താക്കൾക്ക് മനസിലാക്കിക്കൊടുക്കുകയും വിപണന സംവിധാനങ്ങളുമായി കണ്ണിചേർക്കുകയും ചെയ്യുക.

4.ഉത്പന്നങ്ങൾ ആകർഷകമായി പായ്ക്ക് ചെയ്ത് വിപണനം ചെയ്യുവാൻ വേണ്ട പരിശീലനം നൽകുക.

5.നഗരപ്രദേശത്തെ പാവപ്പെട്ട തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൊടുക്കുക.

6.നഗര ഉപജീവന ഗുണഭോക്താക്കൾ നടത്തുന്ന സംരംഭങ്ങൾക്ക് വേണ്ട വിവിധ ലൈസൻസുകൾ വാങ്ങി നൽകുക, സൂക്ഷിക്കേണ്ട പ്രധാന രേഖകളെക്കുറിച്ചും വിവിധ നികുതികളെക്കുറിച്ചും അറിവുകൾ നൽകുക.

7.ഉപജീവനകേന്ദ്രത്തിൽ സ്ഥലസൗകര്യം ഉണ്ടെങ്കിൽ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ വേദിയായി നൽകാവുന്നതാണ്.

8.യു.ഐ.ഡി/ആധാർ കാർഡ് എന്നിവ ലഭ്യമാക്കുവാൻ സഹായങ്ങൾ ചെയ്ത് കൊടുക്കുക.

9.ഉപജീവനകേന്ദ്രങ്ങൾക്ക് ചെറിയ കരാറുകൾ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതിലേക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളെ നിയോഗിക്കുകയും നിലവിലുള്ള കൂലി നൽകുകയും ചെയ്യേണ്ടതാണ്.

ഇങ്ങനെ വളരെ വിശാലമായ കാഴ്ചപ്പാടോടുകൂടി പാവപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി ആരംഭിച്ചതാണ് നഗര ഉപജീവന കേന്ദ്രം. എന്നാൽ പാല നഗരസഭയുടെ നഗര ഉപജീവന കേന്ദ്രം നാളിതുവരെയും പദ്ധതികൊണ്ട് ഉദ്ദേശിച്ച തലത്തിലുള്ള പ്രവർത്തനത്തിലേയ്ക്ക് കടന്നിട്ടില്ല. നിലവിൽ ഉപജീവന കേന്ദ്രം ഏതെല്ലാം സേവനങ്ങളാണ് നൽകുന്നത് എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.38/16.02.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗര ഉപജീവന കേന്ദ്രം ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിന് ഉചിതമായ നടപടിക്രമങ്ങൾ ഭരണസമിതി സ്വീകരിക്കേണ്ടതും ആയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-42 വിവിധ കുടിവെള്ള പദ്ധതികൾ - പൂർത്തീകരണ/തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമല്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 വർഷം താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇവയുടെ വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | തുക (രൂപ) | ഫണ്ടിനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് പ്രകാരം നിർവ്വഹിച്ച പ്രവൃത്തി/നിലവിലെ സ്ഥിതി | ബിൽ നം/ തീയതി ചെക്ക് നം./തീയതി |
|---|---|---|---|---|---|---|
| 1 | 242/22 , പുത്തൻപള്ളിക്കുന്ന് | 232730 | ധനകാര്യ കമ്മീഷൻ | അസിസ്റ്റന്റ് എഞ്ചിനീയർ | നഗരസഭ കിണർ കുഴിച്ചു. 2022-23 ൽ | 299/30.03.22 |

| | | | | | | |
|---|---|---|---|---|---|---|
| | ജലവിതരണ പദ്ധതി - ഒന്നാം ഘട്ടം | | അവാർഡ് | | ടാങ്ക് പണിയുന്നതിന് 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. | |
| 2 | 227/22, മുരിക്കുംപുഴ കുടിവെള്ള പദ്ധതി വിപുലീകരണം -കുഴൽക്കിണർ നിർമ്മാണം | 100000 + 4000 104000 | ധനകാര്യ കമ്മീഷൻ അവാർഡ്, തനത് ഫണ്ട് | | കുഴൽക്കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തു. നിലവിൽ കുഴൽക്കിണർ നിർമ്മിച്ചിട്ടുണ്ടെന്നും മോട്ടോർ, അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കാൻ തുടർ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറി നം . 39 ന് മറുപടി നൽകി. | 148/14.02.22 -100000/- രൂ ചെക്ക് നം. 867303/ 19.02.22 - 4000/- രൂ |
| | ആകെ | 336730 | | | | |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 3,36,730/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക |
|---|---|---|
| 1 | SO-158/22-ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം | 1701000/- CFC Grant PFMS-No.C032289964362/ 30.03.22 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ടി പദ്ധതി പ്രകാരം നഗരസഭ വാർഡ് 21, കേരള വാട്ടർ അതോറിറ്റിക്ക് സമീപം നിലവിലുള്ള വിറക് അടിസ്ഥാനമാക്കിയുള്ള ശ്മശാനത്തോട് അനുബന്ധിച്ച് 17,01,000/- രൂപ ചെലവഴിച്ച് ആധുനിക ഗ്യാസ് ക്രിമറ്റോറിയം നിർമ്മിച്ചിട്ടുണ്ട്. സംസ്ഥാന ശുചിത്വ മിഷന്റെ 04/01/2022 ലെ 2241/C1/2019/SM ഉത്തരവ് പ്രകാരം എംപാനൽ ചെയ്യപ്പെട്ട സ്ഥാപനമായ ESSCO Furnaces Pvt. Ltd, Chennai -ആണ് ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിർമ്മാണം നടത്തിയത്. 23/12/2022 ൽ ഗ്യാസ് ക്രിമറ്റോറിയം ഉദ്ഘാടനം ചെയ്തെങ്കിലും ക്രിമറ്റോറിയം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഗ്യാസ് ക്രിമറ്റോറിയം പോലുള്ള നിർമ്മാണ പ്രവൃത്തികളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ശുചിത്വ മിഷൻ തുടങ്ങിയ ഏജൻസികളുടെ മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്. സംസ്ഥാന ശുചിത്വ മിഷന്റെ 04.01.2022ലെ ഉത്തരവിലെ ഖണ്ഡിക 11 പ്രകാരം ക്രിമറ്റോറിയത്തിന് കുറഞ്ഞത് അഞ്ചു വർഷത്തെ വാറന്റി നൽകേണ്ടതും, ടി കാലയളവിൽ മൂന്നുമാസത്തിൽ ഒരിക്കലും പിന്നീട് വർഷത്തിൽ ഒരിക്കലും പ്ലാന്റ് പരിശോധിച്ച് പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും ആവശ്യമായ അറ്റകുറ്റപ്പണികൾ

നടത്തേണ്ടതുമാണ്. എന്നാൽ സ്ഥാപനവും നഗരസഭയും തമ്മിൽ ഉണ്ടാക്കിയ കരാർ (തീയതി 24/02/2022) ഖണ്ഡിക-8 പ്രകാരം വാറന്റി ഒരു വർഷം മാത്രമാണ്.

2. ഗ്യാസ് ക്രിമറ്റോറിയത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയതിനു ശേഷം ശുചിത്വ മിഷനിൽ നിന്നുമുള്ള പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് , സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള പ്രവർത്തനാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമല്ല.

3. ഗ്യാസ് ക്രിമറ്റോറിയത്തിലേക്കുള്ള ത്രീ ഫേസ് ഇലക്ട്രിക്ക് കണക്ഷൻ എടുക്കുന്നതിന് അസി. എൻജിനീയർ കെ എസ് ഇ ബി പാലാ സെക്ഷൻ നൽകിയ എസ്റ്റിമേറ്റ് പ്രകാരം 39675 /- രൂപ അടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ത്രീ ഫേസ് ഇലക്ട്രിക്ക് കണക്ഷൻ നാളിതുവരെ ലഭ്യമായിട്ടില്ല .

4. ക്രിമറ്റോറിയത്തിലേക്കുള്ള ഗ്യാസ് സപ്ലൈ കൃത്യമായി ലഭിക്കുന്നതിന് വിവിധ ഗ്യാസ് ഏജൻസികളിൽ നിന്നും നഗരസഭ അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ ഗ്യാസ് കണക്ഷൻ നാളിതുവരെ ലഭ്യമായിട്ടില്ല .





ക്രിമറ്റോറിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നമ്പർ-19 / തീയതി : 14.02.2023) നൽകിയിരുന്നു. ആയതിനു ലഭ്യമാക്കിയ മറുപടിയിൽ ത്രീ ഫേസ് കണക്ഷൻ ലഭിച്ചാലുടനെ ക്രിമറ്റോറിയത്തിന്റെ പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നും, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് യു ജി / ഓവർ ഹെഡ് കേബിൾ ഇടുന്നതിന്റെ പുതുക്കിയ എസ്റ്റിമേറ്റ് കെ എസ് ഇ ബി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുക ഉടനെ അടച്ച് കണക്ഷൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാറന്റി 5 വർഷമായി പുതുക്കിയിട്ടുണ്ടെന്നും (എന്നാൽ പുതുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല) മറ്റ് അപാകതകൾ ക്രിമറ്റോറിയം പ്രവർത്തനം ആരംഭിച്ചതിനുശേഷം പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വാറന്റി 5 വർഷമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും, വൈദ്യുതി, ഗ്യാസ് കണക്ഷൻ, മറ്റ് നിയമപരമായ പ്രവർത്തനാനുമതി എന്നിവ ലഭ്യമാക്കി ക്രിമറ്റോറിയം പ്രവർത്തനം ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 17,01,000/- രൂപ ചെലവഴിച്ച് ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിച്ചെങ്കിലും പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 17,01,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-44 മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിട നിർമ്മാണം - വൻതുക വായ്പാ ബാദ്ധ്യത-കെട്ടിടം നിഷ്ക്രിയ ആസ്തിയായി മാറുന്നു.

അഡ്വക്കേറ്റുമാർക്ക് ഓഫീസ് ആരംഭിക്കുന്നതിന് മുറികൾ വാടകയ്ക്ക് നൽകി നഗരസഭയുടെ തനത് വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ പാലാ കോടതി സമുച്ചയത്തിന് സമീപം ആരംഭിച്ച ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി കരാറുകാരൻ ശ്രീ വിനോയി ആന്റണിയുമായി 12/02/16 ൽ കരാറിൽ ഏർപ്പെട്ടെങ്കിലും വിവിധ സാങ്കേതിക തടസ്സങ്ങളാൽ നിർമ്മാണം നീണ്ടു പോയി. വിവിധ ഘട്ടങ്ങളിലായി കരാറുകാരൻ സമർപ്പിച്ച കാലാവധി ദീർഘിപ്പിക്കൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19/07/19 ൽ എസ്റ്റിമേറ്റ്

പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ കാണുന്നു. 24/04/18 ൽ കെട്ടിടനിർമ്മാണത്തിനായി 3,28,50,000 രൂപയുടെ വായ്പ കെയുആർഡിഎഫ് സി യിൽ നിന്ന് നഗരസഭയ്ക്ക് അനുവദിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിടനിർമ്മാണം പൂർത്തിയാക്കി മൂന്ന് പാർട്ട് ബില്ലുകളിലായി 3,07,34,379 രൂപയുടെ ബില്ല് കരാറുകാരൻ നഗരസഭയിൽ സമർപ്പിച്ചു. 09.04.19 ന് 1,85,99,732 രൂപയുടെ ഫസ്റ്റ് പാർട്ട് ബിൽ കെയുആർഡിഎഫ് സി യിൽ സമർപ്പിച്ചിരുന്നെങ്കിലും, നഗരസഭ മുൻ വായ്പകളിൽ കുടിശ്ശിക വരുത്തിയതിനാൽ അനുവദിച്ച ലോൺ തുകയിൽ നിന്നും 1,01,48,159 രൂപ കെയുആർഡിഎഫ്സി കുടിശ്ശിക തുകയായി തിരികെ ഈടാക്കി. അവശേഷിക്കുന്ന 84,51,573/- രൂപ മാത്രമാണ് കരാറുകാരന് അനുവദിച്ചത്. പിന്നീട് കെയുആർഡിഎഫ്സി അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 65,85,000 രൂപയിൽ 247596 രൂപ നികുതി കിഴിവുകൾ നടത്തി 6337404 രൂപയും (ചെക്ക് നം. 415513/02.07.19 ) , ചെക്ക് നം . 396883/16.08.19 പ്രകാരം തനത് ഫണ്ടിൽ നിന്ന് 15,00,000 രൂപയും , കെയുആർഡിഎഫ്സി ലോൺ വിഹിതമിനത്തിൽ ചെക്ക് നം. 415515/04.10.19 പ്രകാരം 6356289 രൂപയും, ചെക്ക് നം. 46523661/20.03.20 പ്രകാരം തനത് ഫണ്ടിൽ നിന്നും 15,00,000 രൂപയും ഉൾപ്പെടെ ആകെ 1,56,93,693 രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്ന് ഫയൽ പരിശോധനയിൽ കാണുന്നു. ആയതിൽ KURDFC ലോൺ തുകയിൽ നിന്നും അനുവദിച്ച 1,26,93,693 രൂപയും തനത് ഫണ്ടിൽ നിന്നും അനുവദിച്ച 30,00,000/- രൂപയും ഉൾപ്പെടുന്നു .

കൂടാതെ ഓഡിറ്റ് വർഷം കെട്ടിടത്തിന്റെ പൂർത്തീകരണത്തിനായി പെയിന്റിംഗ് ജോലികൾ , ടോയ്‌ലറ്റുകൾക്ക് പിവിസി ഡോർ സ്ഥാപിക്കൽ, പേവിങ്ങ് ബ്രിക്ക്പാകൽ തുടങ്ങിയ പ്രവർത്തികൾക്കായി താഴെ ചേർക്കുന്ന പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ /പദ്ധതി | ചെലവ് തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | SO-282/22/ മൂന്നാനി ലോയേഴ്സ് ചേംബർ - പൂർത്തീകരണ പ്രവർത്തികൾ | 2295494/- Fund- മെയിന്റനൻസ് ഗ്രാന്റ് (NR) BRN No. 21090147034501481785 /26.03.2022 | മുനിസിപ്പൽ എഞ്ചിനീയർ |





16.02.2023 ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിൽ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ലായെന്നും കെട്ടിടം നിഷ്ക്രിയ ആസ്തിയായി തുടരുന്നതായും കണ്ടെത്തി. കോടികൾ

വായ്പയെടുത്ത് നഗരസഭ നിർമ്മിച്ച കെട്ടിടത്തിന്റെ മുറികൾ ഒന്നുപോലും വാടകയ്ക്ക് നല്കാൻ നഗരസഭയ്ക്ക് നിലവിൽ സാധിച്ചിട്ടില്ല. കെട്ടിടത്തിൽ നിന്നും വരുമാനം ഒന്നും ലഭിക്കാത്തതിനാൽ ലോൺ തുക തിരികെ അടയ്ക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. നിലവിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന നഗരസഭയ്ക്ക് വായ്പയിനത്തിൽ വൻതുക ബാധ്യതയായി മാറുന്നതിന് സാധ്യതയുണ്ട്. ആയതിനാൽ ടി കെട്ടിടം വാടകയ്ക്ക് നൽകി നഗരസഭയുടെ വരുമാനം വർധിപ്പിക്കുന്നതിനും, ലോൺ തുക കൃത്യമായി തിരികെ അടയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിലേക്ക് നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-45 ശബരിമല ഗ്രാന്റ്-പൂർണ്ണമായി വിനിയോഗിക്കുന്നില്ല.

ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്കുമായി നഗരസഭയ്ക്ക് 2015-2016 മുതൽ എല്ലാ വർഷവും 10 ലക്ഷം രൂപ വീതം സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിരുന്നു. നഗരകാര്യ ഡയറക്ടർക്ക് നഗരസഭ നൽകിയ കത്ത് (നമ്പർ-113-11639/15/12.11.2021 ) പ്രകാരം 2020-2021 വരെ നഗരസഭയ്ക്ക് 60 ലക്ഷം രൂപ ലഭിക്കുകയും 3129531 രൂപ ചെലവഴിക്കുകയും 2870469 രൂപ ചെലവഴിക്കാതെ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ 2021-2022 വർഷവും നഗരസഭയ്ക്ക് 10 ലക്ഷം രൂപ സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ ടി ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല. ടി തുക ഉപയോഗിച്ച് നടത്തേണ്ട പ്രവൃത്തികൾ നിലവിൽ ടെൻഡർ സ്റ്റേജിൽ ആണെന്ന് കാണുന്നു. കൂടാതെ 2020-2021 വർഷം ലഭിച്ച 10 ലക്ഷം രൂപയിൽ 911211/- രൂപ ചെലവഴിച്ചിട്ടുണ്ട്. 88789/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നു. ആയതിനാൽ നഗരസഭ ലഭ്യമാക്കിയ രേഖകൾ പ്രകാരം നിലവിൽ 2959258/- രൂപ ചെലവഴിക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രത്യേക ഗ്രാന്റ് തുക യഥാസമയം വിനിയോഗിക്കാതെ നഗരസഭ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.42/17.02.2023) മറുപടി ലഭ്യമാക്കിയില്ല. ടി വിഷയം സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ നൽകിയ മറുപടിയിൽ തുക മുഴുവനായും ചെലവഴിച്ചിട്ടുള്ളതാണെന്നും കണക്കുകൾ രേഖപ്പെടുത്തിയതിലെ അപാകതകൾ മൂലമാകാം ഇപ്രകാരം വ്യത്യാസം വന്നതെന്നും അറിയിച്ചു. കണക്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുക ടി ആവശ്യത്തിന് ചെലവഴിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതുമാണ്.

1-46 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2021-22 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം / പ്രോജക്ട് | തുക (രൂപ) / ഫണ്ടിനം | ബിൽ/ചെക്ക് നം | തുക നിക്ഷേപിച്ച ഏജൻസി |
|---|---|---|---|---|
| 1 | 227/22, മുരിക്കുംപുഴ കുടിവെള്ള പദ്ധതി വിപുലീകരണം -കുഴൽക്കിണർ നിർമ്മാണം | 100000 (ധനകാര്യ കമ്മീഷൻ അവാർഡ് ) + 4000(തനത് ഫണ്ട് ) 104000 | ചെക്ക് നം - 867303/19.02.22 ബിൽ നം - 148/14-02-22 | കുഴൽക്കിണർ നിർമ്മാണത്തിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക ഡെപ്പോസിറ്റ് ചെയ്തു. |
| 2 | 150/22, വാർഡ് 26 ഫാം റോഡ് വാട്ടർ | 100000 (ധനകാര്യ കമ്മീഷൻ | 176/03-03-22 | കേടുവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കലിനായി വാട്ടർ |

| | | | | |
|---|---|---|---|---|
| | അതോറിറ്റി കേടുവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | അവാർഡ്) | | അതോറിറ്റിയിൽ തുക നിക്ഷേപിച്ചു. |
| | ആകെ | 204000 | | |

പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്റ്റുകൾക്കായുള്ള 204000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-47 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭ്യമായില്ല

അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ നിർവ്വഹണോദ്യോഗസ്ഥർ 2021-22 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫീസ് എസ് ബി ഐ അക്കൗണ്ട് നം. 67274529239 ൽ ക്രെഡിറ്റ് ആയിട്ടുണ്ട്. എന്നാൽ ഇ-ടെണ്ടർ ഫീസ് തനത്ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. 2021-22 വർഷാവസാനം 1,72,732 രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. ടെന്റർ ഫാറ വില പഞ്ചായത്ത് തനത് ഫണ്ടിലേക്കും, ജി.എസ്.റ്റി അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-48 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

കേരള സർക്കാർ പൂർണ്ണമായും പദ്ധതിച്ചെലവ് വഹിക്കുന്ന പദ്ധതിയാണ് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി. നഗരദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുള്ള പദ്ധതിയിൽ നഗരപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരായ, അവിദഗ്ദ്ധ കായികാദ്ധ്വാനത്തിനു തയ്യാറായ, പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് പ്രതിവർഷം നൂറ് തൊഴിൽദിനങ്ങൾ ഉറപ്പ് നൽകുന്നു. വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകത ശ്രദ്ധയിൽപെട്ടു.

1. സ.ഉ.(കൈ) നം.216/2017/ത.സ്വ.ഭ.വ. തീയതി:03.11.2017 പ്രകാരമുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 7.4.1-ൽ മസ്റ്റർ റോൾ ഉപയോഗിക്കുന്നതിനെ കുറിച്ചും ഖണ്ഡിക 7.6-ൽ പ്രവൃത്തിയുടെ അളവെടുപ്പ്, എംബുക്ക് എന്നിവ സംബന്ധിച്ചും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വ്യക്തിഗത ആസ്തികളുടെ ( കോഴിക്കൂട് , ആട്ടിൻകൂട് നിർമ്മാണം ) നിർമ്മാണവുമായി ബന്ധപ്പെട്ട് മസ്റ്റർ റോൾ, എംബുക്ക് എന്നിവ ഉപയോഗിച്ചിട്ടില്ല .

2. വ്യക്തിഗത ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 15 പേരുടെ ഫയൽ പരിശോധിച്ചതിൽ 8 പേർ പ്രസ്തുത അനുകൂല്യം ലഭിക്കുന്നതിന് മുൻപോ അതിന് ശേഷമോ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പ്രവൃത്തികളിലും ഏർപ്പെട്ടിട്ടില്ല എന്ന് ബോധ്യമാകുന്നു. പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം | പേര് | വാർഡ് | നിർമ്മിച്ച ആസ്തിയുടെ പേര് | നൽകിയ തുക |
|---|---|---|---|---|
| 1 | ജാനകി കൃഷ്ണൻ | 14 | കോഴിക്കൂട് | 10000 |
| 2 | സജു വർഗ്ഗീസ് | 16 | കോഴിക്കൂട് | 15000 |
| 3 | തങ്കമ്മ ശിവൻ | 24 | ആട്ടിൻകൂട് | 20000 |
| 4 | രമ ബാബു | 26 | ആട്ടിൻകൂട് | 25000 |
| 5 | കാർത്ത്യായനി രാമചന്ദ്രൻ | 17 | ആട്ടിൻകൂട് | 20000 |
| 6 | അൽഫോൻസാ രാജു | 5 | കോഴിക്കൂട് | 10000 |
| 7 | ലളിതമ്മ സുകുമാരൻ | 17 | കോഴിക്കൂട് | 10000 |
| 8 | എൽസി ബേബി | 8 | ആട്ടിൻകൂട് | 20000 |
| 9 | ലക്ഷ്മികുട്ടിയമ്മ | 15 | കോഴിക്കൂട് | 10000 |

| | | | | |
|---|---|---|---|---|
| 10 | ഉമ ഗോപാലകൃഷ്ണൻ | 14 | കോഴിക്കൂട് | 10000 |
| 11 | ഉഷ സുരേഷ് | 22 | ആട്ടിൻകൂട് | 20000 |
| 12 | സോണിയ തോമസ് | 14 | കോഴിക്കൂട് | 10000 |
| 13 | പെണ്ണമ്മ കുട്ടി | 11 | കോഴിക്കൂട് | 10000 |
| 14 | ഷൈല ബിജു | 17 | ആട്ടിൻകൂട് | 20000 |
| 15 | ലിസ്സി ആന്റണി | 25 | ആട്ടിൻകൂട് | 20000 |

മേൽ പട്ടികയിൽ ക്രമ നം- 4,5,8,9,10,13,15 എന്നിവർ മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവൃത്തിച്ചിട്ടുള്ളത്. മാത്രമല്ല കേവലം ഒരു ആനുകൂല്യ വിതരണം പോലെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. അതായത് കോഴിക്കൂട്/ആട്ടിൻകൂട് അനുവദിക്കണം എന്ന ഗുണഭോക്താക്കളുടെ അപേക്ഷ ലഭിക്കുമ്പോൾ കോഴിക്കൂട്/ആട്ടിൻകൂട് എന്നിവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കി തുക അനുവദിക്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്.

3. കയ്യാല നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയും നടപ്പാക്കിയത് മേൽ സൂചിപ്പിച്ചതിന് സമാനമാണ്. നശിച്ച് പോയ കയ്യാല നിർമ്മിച്ച് തരണം എന്ന ഗുണഭോക്താക്കളുടെ അപേക്ഷ ലഭിക്കുമ്പോൾ ആയതിനുള്ള കൂലി അനുവദിച്ച് നൽകുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. പലപ്പോഴും വ്യത്യസ്ത കൂലിയാണ് അനുവദിച്ച് നൽകിയിട്ടുള്ളത് ( 950 മുതൽ 1400 വരെ നൽകിയിട്ടുണ്ട് ).

മേൽ വിഷയങ്ങൾ വ്യക്തമായി അപഗ്രഥിച്ചാൽ നഗരപ്രദേശങ്ങളിലെ സ്ഥിരതാമസക്കാരായ, അവിദഗ്ധ കായികാദ്ധ്വാനത്തിനു തയ്യാറായ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയില്ല എന്ന് മനസ്സിലാക്കാം. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -21/14.02.23) വ്യക്തമായ മറുപടി ലഭിച്ചില്ല. ഓരോ പ്രവൃത്തികളിലും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് പ്രവൃത്തികൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-49 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഇടപെടലുകൾ നഗരസഭ സ്വീകരിച്ചതായി രേഖകൾ വെളിപ്പെടുത്തുന്നു. സി എഫ് എൽ ടി സി, സി എസ് എൽ ടി സി, ഡി സി സി, എന്നിങ്ങനെ കോവിഡ് ബാധിതരെ പാർപ്പിക്കുന്നതിനും പരിചരിക്കുന്നതിനും, ചികിത്സ ലഭ്യമാക്കുന്നതിനുമായി അൽഫോൺഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ട്, ഗവ.ആശുപത്രി, മരിയസദനം, പുതുമന ഹൗസ് എന്നിവിടങ്ങളിലായി സൗകര്യങ്ങൾ സജ്ജമാക്കുകയുണ്ടായി. ഇവിടങ്ങളിൽ ഭക്ഷണ വിതരണം, ശുചീകരണം, കോവിഡ് പ്രതിരോധസാമഗ്രികൾ ലഭ്യമാക്കൽ, സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കൽ തുടങ്ങിയ ഇനങ്ങളിലായി ഭീമമായ തുക നഗരസഭ ചെലവഴിക്കുകയുണ്ടായിട്ടുണ്ട്.

പൊതുവിഭാഗം വികസനഫണ്ടിൽ നിന്ന് സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് പ്രകാരം 6997815 രൂപയും തനത് ഫണ്ട് 1612941 രൂപയുമുൾപ്പെടെ 8610756/- രൂപ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നഗരസഭ 2021-22ൽ ചെലവഴിച്ചു. 11ലക്ഷം രൂപ ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്ന് രണ്ട് തവണയായി ലഭിച്ചിട്ടുണ്ട് (26-05-2021 ൽ 5 ലക്ഷം, 09-02-2022 ൽ 6ലക്ഷം).

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ

പാലാ നഗരസഭയുടെ 2021-22 വാർഷിക ധനകാര്യപത്രിക നഗരസഭാ കൗൺസിൽ 25.07.2022-ലെ 1-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14.02.2023, 15.02.2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം

2021-22 ൽ സംയുക്ത പ്രോജക്ടിനായി തുക ചെലവഴിച്ചിട്ടില്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം

2021-22 വർഷം വിവിധ പ്രോജക്ടുകളിലായി വിവിധ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | മുരിക്കുംപുഴ കുടിവെള്ള പദ്ധതി വിപുലീകരണം കുഴൽ കിണർ നിർമ്മാണം (227/21-22) | 104000 | 0 | 104000* |
| കേരള വാട്ടർ അതോറിറ്റി | വാർഡ് 26 – ഫാം റോഡ് വാട്ടർ അതോറിറ്റി- കേടുവന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ (150/21-22) | 100000 | 0 | 100000 |

*മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം നാളിതുവരെ ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം വാർഷിക കണക്കുകളിലെ ഡെപ്പോസിറ്റ് ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല .

* ചെലവ് പത്രികയിൽ തനത് ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പാ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|

| | | | യുണ്ടായിരുന്ന തുക | | മുതൽ | പലിശ | തുക |
|---|---|---|---|---|---|---|---|
| തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 363/13/ 19.03.13 | 45000000 | 38412652 | 0 | | | 38412652 |
| കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | | 59094000 | | | | | |
| മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | KURDFC/ ULB- 373/14/ 21.06.19 | 23344382 | | | | | |
| പി എം എ വൈ - ഭവന നിർമ്മാണം | ജി.ഓ(എംഎസ്) 34/18/16.03.18, ജി.ഒ(എംഎസ്) 110/18/13.08.18 | 1.02 കോടി | 8613332 | 4200000 | 960000 | | 11853332 |
| ദേശീയ ചേരി നിർമ്മാർജ്ജനം | സ.ഉ(എംഎസ്) എ1-8326 /99/23-03-2001 | 383000 | 383000 | | | | 383000 |

KURDFC വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. KURDFC വായ്പ/ വായ്പ തിരിച്ചടവ് വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. രജിസ്റ്ററിന്റെ അഭാവത്തിൽ ദേശീയ ചേരി നിർമ്മാർജ്ജനം വായ്പയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 85400 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 4439 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 89839 |
| ബാങ്ക് | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാലാ ടൗൺ |
| പലിശ നിരക്ക് | 5.1% |
| കാലാവധി | 15/06/20 മുതൽ 15/06/21 വരെ |

പൂർണ്ണമായ കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. സ്ഥിര നിക്ഷേപം 89839/- രൂപയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല .

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ മുനിസിപ്പൽ ഫണ്ടിൽ 13332/- രൂപയുടെ വരവ് ഉണ്ട്. നഗരസഭയിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| 1999-2000 മുതൽ 2000-01 വരെ | | 2003-04 | 6.4 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ് | നഗരസഭയ്ക്ക് ഉണ്ടായതായ 1644092/- രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭാ ചെയർമാനിൽ നിന്നും അന്നത്തെ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുവാൻ LFAC(2010-11)യുടെ 27-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 94 ൽ നിർദ്ദേശിച്ചിരുന്നു. |
| 2005-06 | 2-4 | 2008-09 | 3-2-2 | ജനസേവന കേന്ദ്രം ഓഫീസ് കമ്പ്യൂട്ടർ വത്ക്കരണം ഭീമമായ തുക ഡിപിസി അംഗീകാരമില്ലാതെ ഐ.കെ.എം. ൽ നിക്ഷേപിച്ചു. | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | | 2011-12 | പ്രവർത്തനാവലോകനം ഖ.3.2.13 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 3-1 | 2016-17 | 4.6.3 | മുനിസിപ്പൽ പാർക്ക് നിർമ്മാണം - | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 248043803.53 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 210648946.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3657755 |

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-35 | 1,30,000 | ജൂഹി മരിയോ ടോം, സെക്രട്ടറി |
| 1-36 | 3,36,025 | ഡോ.ഷമ്മി രാജൻ, സൂപ്രണ്ട്, ഗവ. ഹോസ്പിറ്റൽ, പാലാ |
| 1-37 | 9,50,000 | ഡോ.ഷമ്മി രാജൻ, സൂപ്രണ്ട്, ഗവ. ഹോസ്പിറ്റൽ, പാലാ |
| 1-42 | 3,36,730 | സാം മാത്യു സാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-43 | 17,01,000 | സിയാദ് എ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-46 | 2,04,000 | സാം മാത്യു സാബു, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3657755 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ ബാധകമല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-01 | എൽ.എഫ്.കെ.(എം.എൽ)1027/99 | |
| 1991-92 | എൽ.എഫ്.കെ.(എം.എൽ)713/96-2.8.97/7.11.97 | |
| 1992-93 | എൽ.എഫ്.കെ.(എം.എൽ)742/97/18.6.98/9.12.98 | |
| 1996-97 | എൽ.എഫ്.കെ.(എം.എൽ)1166/10/5.1.11 | |
| 1997-98 | എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.01 / 28.09.11 | |
| 1998-99 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1282/01/9.4.02/7.10.02 | |
| 1999-00 | എൽ.എഫ്.കെ.(എം.എൽ)922/07/4.7.09/8.9.09 | |
| 2000-01 | എൽ.എഫ്.കെ.പി.8/626/15/15.4.16 | |
| 2001-02 | എൽ.എഫ്.കെ.പി.8/625/15/03.12.15 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.(എം.എൽ)264/06/22.7.08/6.9.08 | |
| 2003-04 ചെലവ് | എൽ.എഫ്.കെ.പി 8/628/15/3.12.15 | |
| 2003-04 വരവ് | എൽ.എഫ്.കെ.പി 8/620/15/15.04.16 | |
| 2004-05 (ചെലവ്) | എൽ.എഫ്.കെ.(എം.എൽ)924/07/4.7.09/8.9.09 | |
| 2005-06 ചെലവ് | എൽ.എഫ്.കെ.(എം.എൽ)1260/10/16.07.11 | |

| | | |
|---|---|---|
| 2005-06 വരവ് | എൽ.എഫ്.കെ.പി8/627 /15/10.08.15 | |
| 2006-07 | എൽ.എഫ്.കെ. (എം.എൽ)1319/10/07.01.11 | |
| 2007-08 | എൽ.എഫ്.കെ. (എം.എൽ)128/11/5.9.11 | |
| 2008-09 | എൽ.എഫ്.കെ.പി8/236 /11/14.3.12 | |
| 2009-10 | എൽ.എഫ്.കെ.പി8/1622 /11/20.4.12 | |
| 2010-11 | എൽ.എഫ്.കെ.പി8/7 /12/11.7.12 | |
| 2011-12 | എൽ.എഫ്.കെ.പി8/344 /13/31.5.13 | |
| 2012-13 | എൽ.എഫ്.കെ.പി8/379 /15/4.6.15 | |
| 2013-14 | എൽ.എഫ്.കെ.പി8/769 /15/28.01.16 | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17 | |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി-17/656/17/ 18.03.18/21.03.18 | 40 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി-17/1637/17/ 17.04.18 | 42 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി-17/192/19/ 30.08.19 | 50 |
| 2018-19 | നം.കെ.എസ്.എ-കെ.ടി.എം.പി.17/104/2020 /02.11.20 | |
| 2019-20 | നം.കെ.എസ്.എ-കെ.ടി.എം.പി.17/198/2022/ 30.03.2022 | |
| 2020-21 | നം.കെ.എസ്.എ-കെ.ടി.എം.പി.17/199/2022/ 24.03.2022 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുനിസിപ്പാലിറ്റിയുടെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്